# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# രാമനാട്ടുകര നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2445/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:21.11.2018

ജോയിന്റ് ഡയറക്ടർ

ചെയർമാൻ, (സെക്രട്ടറി മുഖേന)

രാമനാട്ടുകര നഗരസഭ, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2445/2018 തീയതി: 21.11.2018

# കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 25.05.2017 മുതൽ 12.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടികൾ പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഉണ്ണികൃഷ്ണൻ.പി,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2018 മുതൽ 19.09.2018വരെ<br>22.09.2018 മുതൽ 03.10.2018 വരെ |
| ഓഡിറ്റ് നടത്തിയ | ശ്രീ.കെ.പി.ഹരി, |

| | |
|---|---|
| ഉദ്യോഗസ്ഥർ | ഓഡിറ്റ് ഓഫീസർ (ഹഗ്രേ)<br>ശ്രീ.പ്രബോധ്കുമാർ.എം.,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജിഷ സാമുവൽ,<br>സീനിയർഗ്രേഡ്ഓഡിറ്റർ<br>ശ്രീ.അഫ്സൽ.ടി.എം , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വാഴയിൽ രാമകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.സുരേഷ് കുമാർ.എൻ. | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റു നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ഹെൽത്ത് ഓഫീസർ | ശ്രീ.ഗോപാലൻ.എം.എം | 01.04.2017 മുതൽ 10.10.2017 വരെ |
| | ശ്രീ.സുരേഷ് ബാബു.പി.പി | 10.10.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.റെഡോൾഫ് | 01.04.2017 മുതൽ 31.05.2017വരെ |
| | ശ്രീമതി.ദിവ്യ.എസ്. | 31.05.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മഞ്ജുഷ.എ. | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മോളി ശശികല .കെ | 01.04.2017 മുതൽ 30.06.2017വരെ |
| | ശ്രീമതി.ശബ്ന.എം. | 10.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോയ് ജോൺ | 01.04.2017 മുതൽ 10.10.2017വരെ |
| | ശ്രീ.അബ്ദുൾ ഖാദർ | 10.10.2017 മുതൽ 31.03.2018 വര |
| മെഡിക്കൽ ഓഫീസർ പി.എച്ച് .സി | ഡോ. സുരേഷ്. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സറീന .എൻ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഷെരീഫാ ബീഗം | 01.04.2017 മുതൽ 31.03.2018വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറി | ശ്രീമതി.ശോഭന.എം. | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | സുരഭി മാൾ – വ്യാപ്തിയിൽ കൂടുതൽ കെട്ടിട നിർമ്മാണം നടത്തി. | 2-1 |
| 13 | മുനിസിപ്പാലിറ്റി നിരക്ക് പ്രാബല്യത്തിൽ വന്നില്ല – വൻ നികുതി ചോർച്ച് സംഭവിക്കുന്നു. | 2-2 |
| 14 | തറവിസ്തീർണ്ണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല – നികുതി നഷ്ടം സംഭവിക്കുന്നു. | 2-3 |
| 15 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ | 2-4 |

| | | |
|---|---|---|
| | അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | |
| 16 | വാടക കുടിശ്ശികക്കാർക്കെതിരെ യഥാസമയം നടപടിയെടുക്കുന്നില്ല. | 2-5 |
| 17 | നിയമം അനുശാസിക്കും വിധം കരാർ ചമയ്ക്കാതെ നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നു. | 2-6 |
| 18 | പരസ്യനികുതി – കുടിശ്ശിക ഈടാക്കിയില്ല; അവ്യക്തത തുടരുന്നു. | 2-7 |
| 19 | പൊതുമാർക്കറ്റ്, മത്സ്യ മാർക്കറ്റ്, ബസ്സ്റ്റാന്റ് എന്നിവയുടെ ലേലം – കുടിശ്ശി ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. | 2-8 |
| 20 | ഡി & ഒ ലൈസൻസ് ചട്ടങ്ങൾ നടപ്പാക്കിയില്ല. | 2-9 |
| 21 | മുനിസിപ്പാലിറ്റി ചട്ടങ്ങൾ പാലിക്കാതെ വിവിധ തരം സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നു. | 2-10 |
| 22 | ടെണ്ടർഫോറം വില മുഴുവനായി മുനിസിപ്പാലിറ്റിയിൽ ലഭ്യമായില്ല. | 2-11 |
| ഭാഗം-3 | | |
| 23 | പാർട്ട്-ടൈം ലൈബ്രേറിയൻ ശമ്പള കുടിശ്ശിക – അധിക തുക അനുവദിച്ചു. | 3-1 |
| 24 | ഫണ്ടുകളുടെ ലഭ്യതയ്ക്കായി യഥാസമയം നടപടിയെടുക്കുന്നില്ല – പദ്ധതി നിർവഹണത്തിൽ കാലതാമസം. | 3-2 |

| | | |
|---|---|---|
| 25 | വെള്ളക്കെട്ട സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം – ഐ.ആർ.സി സ്പെസിഫിക്കേഷന വിരുദ്ധം. | 3-3 |
| 26 | ഡ്രെയിനേജ് – അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തി നിർമ്മിച്ചു. | 3-4 |
| 27 | വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ – മരാമത്ത് പ്രവൃത്തികൾ ഉപേക്ഷിക്കുകയോ സ്പിൽ ഓവറാക്കുകയോ ചെയ്തു. | 3-5 |
| 28 | മേലധികാരികൾ വേണ്ടത്ര പരിശോധന നടത്താതെ ബില്ലുകൾ അനുവദിയ്ക്കുന്നു. | 3-6 |
| 29 | വാർഡ് തെരെഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. | 3-7 |
| 30 | സാറ്റലൈറ്റ് ഡയറി ഫാം – പദ്ധതി നിർവഹണത്തിലെ അപാകതകൾ. | 3-8 |
| 31 | സമഗ്ര മാലിന്യ സംസ്കരണ പദ്ധതി – സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡി തുക വഹിച്ചു. | 3-9 |
| 32 | ജീവനക്കാരുടെ ശമ്പള വർദ്ധന കുടിശ്ശിക തുക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-10 |
| 33 | റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 3-11 |
| 34 | എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം – അപാകതകൾ | 3-12 |

| | | |
|---|---|---|
| 35 | അങ്കണവാടി പൂരക പോഷകാഹാര പരിപാടി – ഗ്യാസ് സബ്സിഡിയായി ലഭിക്കുന്നു. തുക തിരികെ അടവാക്കുന്നില്ല. | 3-13 |
| ഭാഗം-4 | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2017-18 വർഷത്തെബജറ്റ് 28.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഈ ബജറ്റ് 24.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പുതുക്കി/ പരിഷ്കരിച്ച് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.07.2018 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04.09.2018 മുതൽ 05.09.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/18 തിയ്യതി :11.9.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,89,78,628 |
| വരവ് | 17,06,29,880 |
| ആകെ | 18,96,08,508 |
| ചെലവ് | 16,58,42,375 |
| നീക്കിയിരിപ്പ് | 2,37,66,133 |

രാമനാട്ടുകര പഞ്ചായത്ത് നഗരസഭയായതിനു ശേഷം നികുതി, നികുതിയേതര ഇനങ്ങളുടെ നിരക്ക് നഗരസഭയ്ക്ക് ബാധകമാകും വിധം പരിഷ്കരിച്ചിട്ടില്ല. അതുകൊണ്ടു തന്നെ നികുതി, നികുതിയേതര ഇനങ്ങളിലെ വരവിനത്തിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ഇതിൽ പ്രധാനമായ വസ്തുനികുതി നിരക്ക് സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ വിവരിച്ചിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -- | 2,24,28,000 | 2,24,28,000 | 2,13,00,746 | 11,27,254 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -- | 74,21,000 | 74,21,000 | 74,21,000 | -- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -- | 47,558 | 47,558 | -- | 47,558 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | -- | 20,94,579 | 20,94,579 | 18,99,651 | 1,94,928 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | -- | 30,29,401 | 30,29,401 | 30,29,401 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | -- | 51,97,882 | 51,97,882 | 49,20,636 | 2,77,246 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | -- | 1,18,029 | 1,18,029 | 1,18,029 | -- |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 1,05,961 | -- | 1,05,961 | 649 | 1,05,312 |
| ദുരിതാശ്വാസനിധി | | 1,39,515 | 5,636 | 1,45,151 | -- | 1,45,151 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | -- | 33,88,000 | 33,88,000 | 2,48,627 | 31,07,183 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 32,190 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സ്വച്ഛ് ഭാരത് | 1,13,114 | 3,00,000 | 4,13,114 | 4,740 | 4,08,374 |
| | എൻ.യു. എൽ.എം. | 33,69,080 | 2,47,046 | 36,16,126 | 33,53,950 | 2,62,176 |
| | പി.എം. എ.വൈ. | 26,00,000 | 2,46,10,194 | 2,72,10,194 | 1,78,80,036 | 93,30,158 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ശുചിത്വമിഷൻ) | | 4,60,590 | 2,75,125 | 7,35,715 | 3,10,649 | 4,25,066 |
| ബി ഫണ്ട് | | -- | 4,41,78,020 | 4,41,78,020 | 4,41,78,020 | -- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 25,21,882 | 77254452** | 79776334 | 77650642 | 21,25,692 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (6 അക്കൗണ്ടുകളിൽ) | 92,92,157 | 2,38,93,110 | 3,31,85,267 | 2,59,34,474 | 72,50,793 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 29,516 | -- | 29,516 | -- | 29,516 |
| മറ്റിനം (എം.പി.ഫണ്ട്) | | 1,60,788 | 8,06,357 | 9,67,145 | 7,43,823 | 2,23,322 |

*വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രഷറി പി.ഡി.അക്കൗണ്ടിൽ 29,516/- നീക്കിരിപ്പുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇങ്ങനെയൊരു അക്കൗണ്ടോ നീക്കിയിരിപ്പോ ഇല്ല.

**ജനറൽ പർപ്പസ് ഗ്രാന്റിൽ വരവു ചെലവ് കാണിച്ചതിൽ 6,61,73,452/- രൂപ രാമനാട്ടുകര സിറ്റി ഡെവലപ്മെന്റ് പദ്ധതിയിക്കായി കാലിക്കറ്റ് വികസന അതോറിറ്റിയിൽ നിന്നും ലഭിച്ച തുകയാണ്. ഈ തുക വർഷവസാനം സർക്കാരിലേയ്ക്ക് എടുക്കപ്പെട്ടെങ്കിലും പിന്നീട് തിരികെ ലഭിച്ചു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 7,02,00,119 | 123 | 4,80,33,186 | ലഭ്യമല്ല | 46 | ലഭ്യമല്ല |

| ക്രമനം. | നിർവ്വഹണോദ്യോഗസ്ഥൻ | ആകെ അടങ്കൽ | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1,50,000 | 1,50,000 | 100% |

| | | | | |
|---|---|---|---|---|
| 2. | കൃഷി ഓഫീസർ | 12,06,750 | 7,97,040 | 66.05% |
| 3. | സെക്രട്ടറി | 2,45,93,104 | 1,95,89,217 | 79.65% |
| 4. | ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ് | 5,00,000 | -- | 0% |
| 5. | ഹെഡ്മാസ്റ്റർ,ജി.യു.പി.എസ് | 5,70,509 | 4,46,624 | 78.29% |
| 6. | വെറ്റിനറി സർജൻ | 11,52,000 | 4,69,000 | 40.71% |
| 7. | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 7,00,000 | 7,00,000 | 100% |
| 8. | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാജ്ജന സെൽ | 50,80,000 | 39,47,444 | 77.71% |
| 9. | ഹെൽത്ത് ഓഫീസർ | 34,45,443 | 2,41,438 | 7.01% |
| 10. | മുനിസിപ്പൽ എഞ്ചിനീയർ | 2,60,27,313 | 1,51,35,380 | 58.15% |
| 11. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 63,50,000 | 61,47,185 | 96.81% |
| 12. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 4,25,000 | 4,09,858 | 96.44% |
| ആകെ | | 7,02,00,119 | 4,80,33,186 | 68.42% |

നഗരസഭയുടെ വാർഷിക പദ്ധതിയുടെ ചെലവു ശതമാനം 68.42% ആണെങ്കിലും, പദ്ധതി രൂപീകരണത്തിലും, ഇതിലേയ്ക്കായി ഫണ്ട് ലഭ്യമാക്കുന്നതിലും ഉണ്ടായിട്ടുള്ള അപാകതകൾ സംബന്ധിച്ച് റിപ്പോർട്ടിന്റെ ഭാഗം 3 ഖണ്ഡിക 3-2 ആയി പരാമർശിച്ചിട്ടുണ്ട്.

## 1-7 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ഇല്ല | 33,88,000 | 33,88,000 | 2,80,817 | 31,07,183 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20,520 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 25,46,500 | 258 |
| വിധവാപെൻഷൻ | 1,27,03,200 | 1133 |
| വാർദ്ധക്യകാലപെൻഷൻ | 2,47,97,700 | 2184 |
| വികലാംഗപെൻഷൻ | 30,51,500 | 310 |
| അമ്പത് വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,58,600 | 99 |
| ആകെ | 4,41,78,020 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,635/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഒരു തദ്ദേശ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ സുപ്രധാന ഘടകമാണ് സ്ഥാപനത്തിന്റെ വരവുകളുടെ കൃത്യത ഉറപ്പാക്കൽ. ഇതിനായി രസീതി മുഖേനയുള്ള പിരിവിലെ കൃത്യതയും, വിവിധ രേഖകളുടെ/രജിസ്റ്ററുകളുടെ സൂക്ഷിപ്പും, ജീവനക്കാരുടെ ജോലി/ജോലികൈമാറ്റം തുടങ്ങിയവയുടെ ശരിയായ മേൽനോട്ടം യഥാസമയം നടത്തേണ്ടതുണ്ട്. എന്നാൽ നഗരസഭയിലെ ഇത്തരം വിഷയങ്ങളിൽ കൃത്യമായ ഇടപെടൽ മേൽനോട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലയെന്ന് ഓഡിറ്റ് സമയം ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- രസീതി ബുക്ക് പൂർണമായും ഉപയോഗിച്ച് തീരും മുമ്പ് പുതിയത് വിതരണം ചെയ്തു:- 28/09/2017 ന് ശ്രീമതി സുഹറ കെ ക്ക് വിതരണം ചെയ്ത രസീതി ബുക്ക് നം 64 ലെ രസീതി നം 6301 മുതൽ 6358 വരെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.രസീതി നം 6359 മുതൽ 6400 വരെ ഉപയോഗിക്കുന്നതിന് പകരം 08/02/18 ൽ ശ്രീമതി സുഹറ കെ പുതിയ രസീതി ബുക്ക് കൈപ്പറ്റുകയാണ് ചെയ്തിട്ടുള്ളത്. കേരള മുൻസിപ്പാലിറ്റി(അക്കൌണ്ട്സ്) റൂൾസ് 2007 റൂൾ 74 പ്രകാരം ഒരു രസീതി ബുക്ക് പൂർണമായും ഉപയോഗിച്ച് തിരിച്ചേൽപ്പിച്ചതിനു ശേഷമെ പുതിയത് വിതരണം ചെയ്യേണ്ടതുള്ളൂ.(അനിവാര്യമായ സാഹചര്യങ്ങളിൽ ഒന്നിലധികം രസീതിബുക്കുകൾ വിതരണം ചെയ്യുകയാണെങ്കിൽ അക്കാര്യം രേഖപ്പെടുത്തേണ്ടതാണ്)
- 2)സാംഖ്യ സ്റ്റേഷനറി വിതരണം ചെയ്യുന്നത് രേഖപ്പെടുത്തുന്നില്ല:- ഫ്രണ്ട് ഓഫീസ് ഉപയോഗത്തിനായി ഇഷ്യൂ ചെയ്യുന്ന സ്റ്റേഷനറികളുടെ വിശദാംശം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിലും, ഓരോ ദിവസവും ഉപയോഗിക്കുന്നതിന്റെ വിവരം ഫ്രണ്ട് ഓഫീസ് ഡയറിയിലും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 05/01/2018 ന് ശേഷം സാംഖ്യ രസീതികൾക്കായി ഉപയോഗിക്കുന്ന സ്റ്റേഷനറിയുടെ വിതരണം എവിടെയും രേഖപ്പെടുത്തിയിട്ടില്ല.
- 3)വർഷാവസാനം ഉപയോഗിക്കാതെ വരുന്ന രസീതികൾ റദ്ദ് ചെയ്ത് സൂക്ഷിച്ചിട്ടില്ല:- ഓരോ സാമ്പത്തിക വർഷാവസാനവും ഉപയോഗിക്കാതെ ബാക്കി വരുന്ന രസീതികൾ റദ്ദ് ചെയ്ത് കൃത്യത മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ വർഷാവസാനം ഉപയോഗിച്ചിരുന്ന പല രസീതു പുസ്തകങ്ങളിലും അവശേഷിക്കുന്ന രസീതുകൾ റദ്ദ് ചെയ്ത് മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- 4)വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല/അപൂർണ്ണം :- നഗരസഭയുടെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷാദ്യവും സാംഖ്യയിൽ ഒരു നിശ്ചിത തുക തൻവർഷത്തെ വസ്തുനികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ ഇതിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

  ഇതേ രീതിയിൽ കെട്ടിട നിർമ്മാണാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്ററർ അപൂർണ്ണമാണ്. രജിസ്റ്ററിൽ അപേക്ഷ സ്വീകരിച്ചുവോ,

നിരസിച്ചവോ, അന്വേഷണത്തിന് നൽകിയത്, തിരിച്ചുകിട്ടിയത് തുടങ്ങിയ വിവരങ്ങൾ ,പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, പെർമിറ്റ് ഫീ, അപേക്ഷാ ഫീ ഈടാക്കിയതിന്റെ രശീതി നമ്പർ, പൂർത്തീകരണം, ക്രമവത്കരണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയൊന്നും രേഖപ്പെടുത്താതെ അപേക്ഷകന്റെ പേരുമാത്രം രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

- 5. നഗരസഭയിലെ വിവിധ സെക്ഷനുകളിലെ ജീവനക്കാർക്ക് ജോലി വിഭജനം കൃത്യമായി ചെയ്തു നൽകിയിട്ടുണ്ടെങ്കിലും, ഈ ജീവനക്കാർ സ്ഥലം മാറി പോകുന്ന സന്ദർഭങ്ങളിൽ ഓരോരുത്തരും കൈകാര്യം ചെയ്തിരുന്ന ഫയലുകളും മറ്റും തുടർന്ന് ചുമതലയേൽക്കുന്നവർക്ക് കൈമാറ്റം ചെയ്യുന്നില്ല. ജീവനക്കാർ സ്ഥലം മാറിപ്പോകുന്ന സംഗതികളിൽ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2018 | 2012-13 to 2016-17 | വിവരം ലഭ്യമല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2017-18 വർഷ ധനകാര്യ പത്രികയ്ക്ക് വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റാണ് നൽകിയിട്ടുള്ളത്(നം.കെ.എസ്.എ./ കെ.കെ.ഡി./ഇ2/1111/18(89) തിയ്യതി.11.09.2018). വാർഷിക കണക്കുമായി ബന്ധപ്പെട്ട പ്രധാന അപാകതകൾ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന് പുറമേ ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ട മറ്റപാകതകൾ ചുവടെ ചേർക്കുന്നു.

- വാർഷികകണക്ക് നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുള്ള ട്രഷറി പി.ഡി. അക്കൗണ്ടിൽ (വി.പി.എഫ്.എ.2)31.03.2018 ന് 29,516/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരക്കൗണ്ട് നിലവിലില്ല. ഇത് വാർഷികകണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

- ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന രാമനാട്ടുകര സർവ്വീസ് കോ-ഓപ്പോറേറ്റീവ് ബാങ്ക്, എസ്.ബി.ഐ. സാൻഡ് അക്കൗണ്ട്, എസ്.ബ്.ഐ. തനതു ഫണ്ട് തുടങ്ങിയ അക്കൗണ്ടുകൾ വഴി ഇടപാടുകളൊന്നും നടക്കുന്നില്ല. ഇത്തരത്തിൽ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും, തനതുഫണ്ടിനായി ഒരേ സമയം ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തുന്നത് ഒഴിവാക്കേണ്ടതുമാണ്.
- തൻവർഷം കർഷക തൊഴിലാളി പെൻഷനായി ആകെ 25,46,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
- പൊതുമരാമത്ത് പ്രവർത്തികൾക്കായി നടത്തുന്ന ഇ-ടെഡർ നടപടികളിൽ ടെൻഡർ ഫോറം വിലയായി ലഭിക്കുന്ന തുക അസി.എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ. രാമനാട്ടുകരയിലുള്ള 67388563907 നമ്പർ അക്കൗണ്ടിലാണ് വരവു വരുന്നത്. എന്നാൽ ഈ തുക യഥാസമയം തനതുഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല. മേൽ അക്കൗണ്ടിൽ 12.03.2018 ന് 71,421/- രൂപ നീക്കിയിരിപ്പുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ എല്ലാ വരവുകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- വെറ്റിനറി സർജ്ജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണം പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി 1,25,000/- രൂപ 30.03.2018 ന് 9766234 നമ്പർ ചെക്ക് മുഖേന നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശം സാംഖ്യയിലേയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്നത് 31.03.2018 നാണ്(പേയ്മെന്റ് വൗച്ചർ നം.21700571). സാംഖ്യയിൽ ഉൾപ്പെടുത്തിയ തുക 12,50,000/- രൂപയാണ്. വാർഷാവസാന പൊരുത്തപ്പെടുത്തലിൽ ഈ തുക അൺകാഷ്ഡ് ചെക്കായി അവശേഷിക്കുന്നു. തുക തെറ്റായി ഉൾപ്പെടുത്തിയതിനാൽ വർഷാവസാന നീക്കിയിരിപ്പിൽ 11,25,000/- രൂപയുടെ കുറവ് വന്നിരിക്കുന്നു.

  അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സുരഭി മാൾ - വ്യാപ്തിയിൽ കൂടുതൽ കെട്ടിട നിർമ്മാണം നടത്തി

ഫയൽ - 1. ബി.എ. 34/2015-16 (2) എ3-10918/2015

2. എഫ്.1.3602/2017(4) എ2-6181/2017

റീസർവ്വേ നമ്പർ 296/5എ.എ., 297/3, 298/10 എന്നിവയിൽപ്പെട്ട 70.04 സെന്റ് സ്ഥലത്ത് സുരഭി മാൾ എന്ന വ്യാപാര സമുച്ചയത്തിന് ഫയൽ ഒന്ന് പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. ഇത് പ്രകാരം സെല്ലാർ 1674.59 ച.മീറ്റർ, ഗ്രൗണ്ട്

ഫ്ലോർ 1493.94 ച.മീ, ഒന്നാം നില 1538.91 ച.മീ., രണ്ടാം നില 1538.91 ച.മീ, മൂന്നാം നില 1538.91 ച.മീ. പ്ലിന്ത് ഏരിയയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. ഇതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കായിരുന്ന അനുമതി നൽകിയത്. തുടർന്ന് 30.11.2016ന് ജി. രവിശങ്കർ എന്ന വ്യക്തി ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 12.04.2017ന് കെട്ടിട നിർമ്മാണം നിർത്തി വെക്കാൻ നഗരസഭ സെക്രട്ടറി നിർദ്ദേശം നൽകി. തുടർന്ന് കെട്ടിടമുടമ സർക്കാരിനെ സമീപിച്ചതിനെ തുടർന്ന് 30.05.2017ന് ത.സ്വ.ഭ. ആർ.ബി.3/0101/2017 നമ്പർ കത്ത് പ്രകാരം സുരഭി മാളിന് റെസ്യൂം മെമ്മോ നൽകുവാൻ നിർദ്ദേശിച്ചു. തുടർന്ന് ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.10.2017ലെ കത്തിൽ പ്രസ്തുത കെട്ടിടത്തിൽ ചട്ട ലംഘനം നിലനിൽക്കുന്നുവെന്ന് ചീഫ് ടൗൺ പ്ലാൻ (വിജിലൻസ്) റിപ്പോർട്ട് നൽകിയതിനാൽ പ്രവർത്തനം നിർത്തിവെയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

I. മേൽ കെട്ടിടത്തിന്റെ ഉടമസ്ഥരായ ശ്രീ. എ. ഗോപാലൻ, പ്രഭാവതി. വി. എന്നിവർ മരുമകനായ (മകളുടെ ഭർത്താവായ) കെ.പി. മഹേഷ് എന്നവർക്ക് തിയേറ്റർ നടത്തുന്നതിന് വേണ്ടി V/665A.69 നമ്പർ കെട്ടിടം അനുവദിച്ച് നൽകിയിട്ടുണ്ട്. (22.03.2017ലെ എഗ്രിമെന്റ് കാണുക). സുരഭി മാളിലെ ഈ മുറി തിയേറ്റർ ആക്കുവാൻ അനുമതി നൽകുന്നതിലൂടെ കെട്ടിടത്തിന്റെ വ്യാപ്തിയും, തറ വിസ്തീർണ്ണാനുപാതവും (FAR) കണക്കാക്കാൻ കെട്ടിടത്തിന്റെ കൈവശഗണം കച്ചവടം/വാണിജ്യപരം എന്നതിൽ നിന്ന് സമ്മേളനസ്ഥലം (ഡി) എന്നതിലേക്ക് മാറുന്നു. (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 31(11) കാണുക). ഇത്തരത്തിൽ പരിഗണിക്കുമ്പോൾ സുരഭി മാളിന്റെ വ്യാപ്തിയും, എഫ്.എ.ആർ. എന്നിവ താഴെ കൊടുത്ത പ്രകാരമാണ്.

1. വ്യാപ്തി - കെട്ടിടത്തിന്റെ ഏതെങ്കിലും നിലയുടെ പരമാവധി

<u>വിസ്തീർണ്ണം (സെല്ലാർ ഒഴികെ) x 100</u>

പ്ലോട്ടിന്റെ വിസ്തീർണ്ണം

<u>1538.91 x 100</u>

2834.51 = 54.2917

കൈവശഗണം കച്ചവടം/വാണിജ്യപരമാണെങ്കിൽ അനുവദനീയമായ ഏറ്റവും കൂടിയ വ്യാപ്തി 65 ആണ്. സമ്മേളന സ്ഥലമാണെങ്കിൽ 40. ചട്ടം 31 (1) പ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും വ്യാപ്തിയുടെ ഏറ്റവും നിയന്ത്രിത കൈവശവകാശ ഗണത്തിന്റേതായിരിക്കും. ഇവിടെ ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണം സമ്മേളന സ്ഥലത്തിന്റേതാണ്. അതായത്

40. എന്നാൽ സുരഭി മാളിന്റെ വ്യാപ്തി 54.29 ആണ്. ഏറ്റവും കൂടിയ വ്യാപ്തിയിലും അധികം നിർമ്മിച്ച തറ വിസ്തീർണ്ണം അതായത് 1133.81 ച.മീറ്റർ (പരമാവധി വ്യാപ്തിയിൽ നിർമ്മിക്കാവുന്ന തറ വിസ്തീർണ്ണം = 1133.91 – 70.04x40.47x40%) അധികം നിർമ്മിച്ച 405.1 ച.മീ. സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

2. മേൽ കെട്ടിട സമുച്ചയത്തിന്റെ തറ വിസ്തീർണ്ണാനുപാതം താഴെ കൊടുക്കുന്നു.

എഫ്.എ.ആർ. - എല്ലാ നിലകളുടേയും ആകെ തറ വിസ്തീർണ്ണം / പ്ലോട്ട് വിസ്തീർണ്ണം

6270.58 / 2834.52 = 2.2122

അനുവദനീയമായ പരമാവധി തറ വിസ്തീർണ്ണാനുപാതം അധിക ഫീസ് കൂടാതെ സമ്മേളന സ്ഥലം എന്ന കൈവശഗണത്തിന് 1.5 ആണ്. ഒരു ച.മീറ്ററിന് 3000 രൂപ എന്ന അധിക ഫീസോട് കൂടി 2.5 ആണ്. ഇവിടെ അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന തറ വിസ്തീർണ്ണം 1.5 x 2834.52 = 4251.78 ച.മീറ്ററാണ്. ഇവിടെ എഫ്.എ.ആർ. 2.2122 ആയിനാലും അധിക ഫീസോടുകൂടി നിർമ്മിച്ച എഫ്.എ.ആർ. 2.5 ആയതിനാലും, അധികം നിർമ്മിച്ച 2018.8 ച.മീ. (6270.58 – 4251.78 = 2018.8) 3000 രൂപ നിരക്കിൽ 60,56,400 രൂപ അടവാക്കേണ്ടതാണ്. എന്നാൽ കവറേജ് ഏരിയ കൂടുതലായ സാഹചര്യത്തിലും, ഈ വിഷയം സർക്കാരിന്റെ പരിഗണനയിലായതിനാലും സർക്കാർ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. മേൽ കെട്ടിടത്തിൽ സിനിമ തീയേറ്റർ നടത്തുവാൻ ലൈസൻസിന് അപേക്ഷിക്കുന്നത് 30.3.2017നാണ്. (എഫ്.1-3602/2017 ഫയൽ കാണുക). സ്ക്രീൻ I, സ്ക്രീൻ II എന്നീ 2 തിയേറ്ററുകൾക്കാണ് അപേക്ഷ സമർപ്പിച്ചത്. തുടർന്ന് 18.04.2017ൽ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് നിന്നുള്ള സർട്ടിഫിക്കറ്റ്, ഫയർ & റസ്ക്യൂ സർട്ടിഫിക്കറ്റ്, കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ ഒക്യുപൻസ് എന്നിവ സമർപ്പിക്കുവാൻ നഗരസഭാ സെക്രട്ടറി നിർദ്ദേശിച്ചു. ആയത് 22.06.2017ന് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 23.06.2017ന് ലൈസൻസ് അനുവദിച്ചു. (നോട്ട് ഫയൽ കാണുക). ഇവിടെ ഫയലിനോടൊപ്പം കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ സർട്ടിഫിക്കറ്റ്/സൗണ്ട്നസ്സ് സർട്ടിഫിക്കറ്റ് നൽകിയത് രാമനാട്ടുകര നഗരസഭയും, അധിക ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ എം. ദിനേശ് കുമാർ നമ്പർ 1/എ.ഇ./എൽ.എസ്.ജി.ഡി./ആർ.എം. തീയതി 14.06.2017 അനുവദിച്ച സർട്ടിഫിക്കറ്റാണ്. കേരള സിനിമ റഗുലേഷൻ റൂൾ 1998 ചട്ടം 5(2) പ്രകാരം സ്ട്രക്ചറൽ ഡിസൈൻ/സൗണ്ട്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത് എക്സിക്യൂട്ടീവ് എഞ്ചിനിയറാണ്. ചട്ടം നിഷ്കർഷിക്കുന്നതിന് വിരുദ്ധമായി അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫിക്കറ്റ് അനുവദിച്ചത് അന്വേഷണ വിധേയമാക്കേണ്ടതാണ്. ഇതിന്റെ

അടിസ്ഥാനത്തിൽ സിനിമ ലൈസൻസ് നഗരസഭ അനുവദിച്ചതും ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്. ഇതിന് നൽകിയ എൻക്വയറിക്ക് ഇപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പരാമർശിച്ച സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. സുരഭി മാളിലെ സ്ക്രീൻ I, II എന്നീ തീയേറ്ററുകൾക്ക് ലൈസൻസ് അനുവദിച്ച മറ്റൊരു ഫയലായ എച്ച്1-2563/2017 കാണുക. കെ.സി.ആർ. ലൈസൻസ് നൽകാൻ ധനകാര്യ സ്ഥിരം സമിതിക്കുള്ള അജണ്ട തയ്യാറാക്കാൻ 22.06.2017ന് നിർദ്ദേശിക്കുകയും, 23.06.2017ലെ ബഹു. ചെയർമാന്റെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ 23.06.2017 ന് തന്നെ ലൈസൻസ് അനുവദിക്കുകയും ചെയ്തു. എന്നാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അജണ്ട അംഗീകരിച്ചതല്ലാതെ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗിൽ നാളിതുവരെ ഈ അജണ്ട ചർച്ച ചെയ്തതായി കാണുന്നില്ല. ഇത് ശരിയായ നടപടിയല്ല. ഫീസുകൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നും, ചോർച്ച ഒഴിവാക്കേണ്ട ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഇവിടെ അതിനുള്ള സാഹചര്യമാണ് നഷ്ടമായത്.

4. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 31, 55(5(എ), 117 എന്നിവ ലംഘിക്കുന്നതായി ബോധ്യപ്പെട്ടതായി എഞ്ചിനീയറിംഗ് വിഭാഗം 21.03.2018ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സി.ടി.വി. വിജിലൻസ് വിഭാഗം കെട്ടിടം പരിശോധിക്കുകയും ചട്ട ലംഘനങ്ങൾ നിലനിൽക്കുന്നതായും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, കെട്ടിടം കെ.എം.ബി.ആർ. റൂൾ ചട്ടം 143 പ്രകാരം ക്രമവൽക്കരിക്കുവാൻ സാധിക്കുകയുമില്ല എന്ന് നഗരസഭ സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 23.07.2018ന് കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിൽ നിന്ന് തീരുമാനം എത്രയും പെട്ടന്ന് ലഭ്യമാക്കുവാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## **2-2** മുനിസിപ്പലിറ്റി നിരക്ക് പ്രാബല്യത്തിൽ വന്നില്ല-വൻ നികുതി ചോർച്ച സംഭവിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 233 പ്രകാരമാണ് നഗരസഭകളിൽ വസ്തുനികുതി ഈടാക്കി വരുന്നത്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ, കോർപ്പറേഷൻ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടേയും അതിനോട് ചേർന്നിരിക്കുന്ന ഭൂമിയുടേയും വാർഷിക മൂല്യത്തിന്റെ 12% മുതൽ 25% വരെ (നിരക്ക് കൗൺസിൽ തീരുമാനിക്കുന്ന പ്രകാരം) വസ്തു നികുതി ചുമത്തണം. 07.10.2009 മുതൽ നിലവിൽ വന്ന ഈ ഭേദഗതിയിൽ നഗരസഭ പ്രദേശങ്ങളിലെ കെട്ടിടങ്ങളെ

ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ (i) പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ (ii) വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. മുകളിൽ പറഞ്ഞ പ്രകാരം, ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധി നിശ്ചയിച്ചു കൊണ്ടുള്ള ചട്ടങ്ങൾ [2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ] 01.04.2011 മുതൽ നിലവിൽ വന്നു. [ഗസറ്റ് നമ്പർ.80 തീയതി.14.01.2011, ജി.ഒ(പി)18/2011/തസ്വഭവ.14.01.2011]

01.04.2011 മുതൽ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ രാമനാട്ടുകര പഞ്ചായത്തിൽ അത് നടപ്പാക്കിയതിന് പൊതുജനങ്ങളിൽ നിന്നും നിരവധി പരാതി ഉയർന്നു വരികയും ഒരു വിഭാഗം വ്യാപാരികൾ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി നികുതി പരിഷ്കരണം നടപ്പാക്കുന്നത് താൽകാലികമായി സ്റ്റേ ചെയതു. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഈടാക്കുന്ന നികുതി നിരക്കാണ് ഈടാക്കുന്നത്.

2015 ൽ പഞ്ചായത്തിനെ നഗരസഭയാക്കി മാറ്റുകയുണ്ടായി ഇതിന് ശേഷം 2011 ലെ കേരള മുനിസിപ്പലിറ്റി (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2016 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് കൌൺസിൽ തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് 05.10.2016 തിയ്യതിയിൽ (ബി.3/9336/16) നോട്ടീസ് ബോർഡിലും ദിനപത്രത്തിലും (മാതൃഭൂമി 09.10.2016) പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് മുനിസിപ്പലിറ്റി നിയമത്തിൽ അനുശാസിക്കുന്ന നിരക്കിൽ നികുതി ഈടാക്കുന്നുണ്ട്.

വ്യാപാരികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഒന്നാം എതിർ കക്ഷി സർക്കാരും രണ്ടാം എതിർ കക്ഷി നഗര സഭയുമാണ്.ഒന്നാം എതിർ കക്ഷിയായ സർക്കാർ ഇതുവരെയും കോടതിയിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടില്ല, ആയതിനാൽ തന്നെ രണ്ടാം എതിർ കക്ഷി യായ നഗര സഭക്ക് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യാൻ സാധിച്ചിട്ടില്ല.ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നഗര സഭ ചെയർമാൻ 06/05/2018 ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിക്ക് കത്ത് അയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കേസിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ വകുപ്പ് മന്ത്രി , തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിക്ക് 09/05/2018ന് നിർദേശം നൽകിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമായിട്ടില്ല.

കേരള മുൻസിപ്പാലിറ്റി നിയമവും ചട്ടങ്ങളും സെക്ഷൻ 4 ൽ 5 പ്രകാരം ഏതെങ്കിലും ഗ്രാമ പഞ്ചായത്ത് പ്രദേശം ഒരു മുൻസിപ്പാലിറ്റി ആയി രൂപികരിക്കുകയോ, അതിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത് അപ്പോൾ ആ പ്രദേശത്ത് നിലവിലുള്ള നിയമങ്ങൾക്കോ റഗുലേഷനുകൾക്കോ കീഴിൽ ചുമത്തിയിരുന്ന എല്ലാ നികുതികൾക്കും ഫീസുകൾക്കും മറ്റു ചാർജ്ജുകൾക്കും അതത് സംഗതി പോലെ , രൂപീകരണത്തിന്റെയോ ഉൾപ്പെടുത്തലിന്റെയോ തീയതി മുതൽ, പ്രാബല്യം ഇല്ലാതായി തീരുന്നതും എല്ലാ നികുതികളും ഫീസുകളും മറ്റ് ചാർജ്ജുകളും ഈ ആക്റ്റിന്റെയും അതിന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും ബൈലോകളുടെയും വ്യവസ്ഥകൾക്കനുസൃതമായി ആ പ്രദേശത്തിൽ ചുമത്തേണ്ടതും ആണ്. നഗരസഭ സ്റ്റേറ്റ്മെന്റ് ഒഫ് ഫാക്ട് ഫയൽ ചെയ്യുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

നഗര സഭയിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കെട്ടിടങ്ങളുടെ ഡാറ്റഎൻറി നടത്തുകയോ നികുതി നിർണയിക്കുകയോ ചെയ്തിട്ടില്ല. നിലവിലെ നഗര സഭയിലെ ജീവനക്കാർക്ക് സഞ്ചയ യൂസർ ഐഡി/പാസ്‌വേർഡ് എന്നിവ ഇല്ല. ഇവ ലഭ്യമാക്കുന്നതിനോ, നഗര സഭ നിർണയിച്ച പുതിയ നിരക്ക് സഞ്ചയയിൽ കൊണ്ട് വരുന്നതിനോ,അതിൻ പ്രകാരം മുഴുവൻ കെട്ടിങ്ങൾക്കും (വസ്തു നികുതി പരിഷ്കരണത്തിനെതിരെ കേസ് ഫയൽ ചെയ്ത ഒരു വിഭാഗം വ്യാപാരികളുടെ കെട്ടിടങ്ങൾ ഒഴികെയുള്ള) നികുതി പുനർ നിർണയിച്ച് നൽകുന്നതിനോ ഒരു നടപടിയും നഗര സഭ സ്വീകരിച്ചിട്ടില്ല..ഇത് മൂലം വൻ നികുതി ചോർച്ചയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

നഗര സഭയിലെ 31 ഡിവിഷനുകളിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർ നിർണയം നടത്തേണ്ടതും, വാർഡ് അടിസ്ഥാനത്തിൽ അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയാറാക്കേണ്ടതുമാണ്. പഞ്ചായത്തിലെ മുഴുവൻ കെട്ടിങ്ങൾക്കും (വസ്തു നികുതി പരിഷ്കരണത്തിനെതിരെ കേസ് ഫയൽ ചെയ്ത ഒരു വിഭാഗം വ്യാപാരികളുടെ കെട്ടിടങ്ങൾ ഒഴികെയുള്ള ) കെട്ടിടങ്ങൾക്കും നികുതി പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയക്കേണ്ടതാണ്.

## **2-3** <u>തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല-നികുതി നഷ്ടം സംഭവിക്കുന്നു</u>

1)രാമനാട്ടുകര നഗരത്തിൽ സുരഭി മാൾ എന്നറിയപ്പെടുന്നകെട്ടിടത്തിന്റെ രണ്ടാം നിലയിലെ മുറികൾക്ക് ഡോർമിറ്ററി ഉപയോഗത്തിനായി നഗര സഭ നമ്പർ നൽകിയിരുന്നു. അസസ്മെന്റ് രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം | അനുവദിക്കപ്പെട്ടകെട്ടിട നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും |
|---|---|---|---|---|---|

| | | | | (ഡോർ മെറ്ററി) | വർധനവും അടക്കം)+ ലൈബ്രറി സെസ്സ് |
|---|---|---|---|---|---|
| ഗോപാലൻ, പ്രഭാവതി. സുരഭി ഭവൻ, ചേളാരി, വെളിമുക്ക് | 1538.1 ച.മി | V/458 B1<br>V/458 B2<br>V/458 B3<br>V/458 B4<br>V/458 B5<br>V/458 B6<br>V/458 B7<br>V/458 B8<br>V/458 B9 | 137.6<br>141.11<br>140.53<br>199.17<br>193.53<br>159.43<br>206.01<br>239.63<br>121.8 | 35 | 5202+261=5463<br>5335+267=5602<br>5313+266=5579<br>7530+377=7907<br>7317+366=7683<br>6028+302=6330<br>7788+390=8178<br>9059+453=9512<br>4605+231=4836 |
| ആകെ | | | | | 61090 |

കെട്ടിടത്തിന്റെ ഉപയോഗ തരം മാറ്റം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഏ3 9271/15 നമ്പർ ഫയൽ പ്രകാരം നികുതി പുനർ നിർണയിച്ച് നൽകിയിട്ടുണ്ട് ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം | അനുവദിക്കപ്പെട്ടകെട്ടിട നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കി. നികുതി നിരക്ക് (ഡോർ മെറ്ററി) | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗോപാലൻ, പ്രഭാവതി. സുരഭി ഭവൻ, ചേളാരി, വെളിമുക്ക് | 736.77 | V/458 B1<br>V/458 B2<br>V/458 B3<br>V/458 B4<br>V/458 B5<br>V/458 B6<br>V/458 B7<br>V/458 B8<br>V/458 B9 | 72.74<br>70.06<br>44.03<br>35<br>35<br>35<br>46.77<br>295.11<br>103.06 | 50<br>50<br>50<br>50<br>50<br>50<br>50<br>90<br>60 | 3929+197=4126<br>3784+190=3974<br>2379+119=2498<br>1890+95=1985<br>1890+95=1985<br>1890+95=1985<br>2527+127=2654<br>28686+1435=30121<br>6679+334=7013 |
| ആകെ | | | | | 56341 |

കെട്ടിടത്തിന്റെ ഉപയോഗ തരം മാറ്റം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണയിച്ച നൽകിയപ്പോൾ 736.77 ച.മി ക്ക് മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത്. 801.33 ച.മി (1538.1-736.77) സ്ഥലത്തിന് കെട്ടിട നികുതി ചുമത്തിയിട്ടില്ല.

സ്ഥാപനത്തിലെ രണ്ടാം നിലയിലെ നികുതി ചുമത്തേണ്ട തറ വിസ്തീർണം 1538.1 ആണ് . അതുകൊണ്ട് തന്നെ അത്രയും സ്ഥലത്തിന് ച.മി ക്ക് 100/- നിരക്കിൽ (200 ച.മിറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിങ് മാളുകൾ എന്നിവക്ക് ബാധകമായ നിരക്ക്) നികുതി ചുമത്തേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു

| കെട്ടിട ഉടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം | അനുവദിക്കപ്പെട്ടകെട്ടിട നമ്പറുകൾ | ബാധകമാക്കേണ്ട നികുതി നിരക്ക് (200 ച.മിറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്+സേവന |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഷോപ്പുകൾ ഹോട്ടൽ എന്നിവക്ക് ബാധകമാ. നിരക്ക്) | നികുതി) |
| ഗോപാലൻ, പ്രഭാവതി. സുരഭി ഭവൻ, ചേളാരി, വെളിമുക്ക് | 1538.1 ച.മി | V/458 B1<br>V/458 B2<br>V/458 B3<br>V/458 B4<br>V/458 B5<br>V/458 B6<br>V/458 B7<br>V/458 B8<br>V/458 B9 | 100 | 166115+8306+ 16612=191033 |

2) ശ്രീ. ഫൈസൽ വി എം എന്നവരുടെ ഉടമസ്ഥതയിലുള്ളകെട്ടിടത്തിന്റെ മുറികൾക്ക് നഗര സഭ നമ്പർ നൽകിയിരുന്നു. ഫയൽ ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം | അനുവദിക്കപ്പെട്ട കെട്ടിട നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കി. നികുതി നിരക്ക് (ഡോർ മെറ്ററി) | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്+സേവന ഉപനികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഫൈസൽ<br>വി എം<br>ഇട്ടപ്പുറത്ത്<br>വീട്<br>പരുത്തിപ്പാറ | 360.16 | 18/132A1<br>18/13 A2<br>18/13 A3<br>18/132A4<br>18/132A5<br>18/132A6<br>18/132A7 | 110.99<br>66.71<br>19.17<br>25.12<br>78.8<br>19.17<br>25.12<br>ആകെ=345.08 | 80 | 11987+599+<br>1199=13785<br>7205+360+<br>721=8286<br>2071+104+<br>207=2382<br>2714+136+<br>271=3121<br>8085+404+<br>809=9228<br>1967+98+<br>197=2262<br>2578+129+<br>258=2965 |

കെട്ടിടത്തിന്റെ നികുതി ചുമത്തേണ്ട ആകെ തറ വിസ്തീർണം 360.16 ച.മി ആണ് . ഒന്നാം നിലയിലെ ആകെ തറ വിസ്തീർണം 138.18 ച.മി ആണ്, എന്നാൽ 123.09 ച.മി യുടെ നികുതി മാത്രമാണ് ചുമത്തിയിട്ടുള്ളത് 15.09 ച.മി യുടെ നികുതി കണക്കാക്കിയിട്ടില്ല.

ഒന്നാം നിലയിലെ 15.09 ച.മിക്ക് (ഇളവുകളും വർധനവും അടക്കം) 1548 നികുതിയും +77/-(ലൈബ്രറി സെസ്സ്)+155(സേവന ഉപനികുതി) എന്നിവ അടക്കം =1780 രൂപ നികുതി ഈടാക്കേണ്ടതാണ് ഇത് ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനു 10/10/2018ന് ഇമെയിൽ വഴി നൽകിയ മറുപടി തൃപ്തികരമല്ല

മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

നഗര സഭയിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്+ സേവന ഉപനികുതി | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്+ സേവന ഉപനികുതി | നഷ്ടം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അബ്ദുൽ മജീദ്<br>റാഹത്ത് മൻസിൽ<br>വെളിമുക്ക് | 229.64 | II/321 A1<br>II/321 A2<br>II/321 A3<br>II/321 A4 | 54.18<br>55.6<br>55.6<br>64.26 | 70 | 4552+228+455 =5235<br>4670+234+467 =5371<br>4670+234+467 =5371<br>5398+270+540 =6208 | 80 | 5201+260+520 =5981<br>5338+267+539 =6144<br>5338+267+539 =6144<br>6169+308+617 =7094 | 746<br>773<br>773<br>886 |
| ആകെ | | | | | | | | 3178 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനു 10/10/2018ന് ഇമെയിൽ വഴി നൽകിയ മറുപടി തൃപ്തികരമല്ല. നികുതി പുനർനിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വാടക കുടിശ്ശികക്കാർക്കെതിരെ യഥാസമയം നടപടിയെടുക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കിയിരിക്കേണ്ടതാണ്. ഉപവകുപ്പ് 4 പ്രകാരം ഇത്തരത്തിൽ വാടകയ്ക്ക് നൽകിയ ഏതൊരിടവും നഗരസഭയുടെ മുൻഅനുമതിയില്ലാതെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ, മറ്റൊരാൾക്ക് കീഴ്വാടകയ്ക്ക് കൊടുക്കാനോ പാടില്ലാത്തതും, എന്നാൽ ലൈസൻസിയുടെ ആവശ്യപ്പെടലിന്മേൽ മുനിസിപ്പാലിറ്റിയ്ക്ക് മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, 2000 ലെ കേരള

മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും)ചട്ടങ്ങൾ എന്നിവയടിസ്ഥാനപ്പെടുത്തി നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

- നഗരസഭയുടെ ഉടമസ്ഥതയിലുള്ള അഞ്ചാം വാർഡിലെ കെട്ടിടത്തിൽ 5/359 നമ്പർ മുറി ശ്രീ.സെയ്തലവിക്കോയ, പൂവ്വന്നൂർ എന്നയാൾക്കാണ് വർഷങ്ങളായി വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ഇദ്ദേഹം 2016 നവംബർ മാസം മുതൽ വാടക അടവാക്കിയിട്ടില്ല. 2017-18 വർഷ ഡിമാന്റ് രജിസ്റ്ററിൽ ഈ മുറി ഇദ്ദേഹത്തിനു തന്നെ വാടകയ്ക്ക് നൽകിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൻവർഷം ഇവരുമായി കരാർ വച്ചിട്ടില്ല. മുൻവർഷ വാടക കുടിശ്ശിക അടവാക്കാതെ ലൈസൻസ് ഇദ്ദേഹത്തിനു തന്നെ നൽകിയത് വിശദീകരിക്കേണ്ടതാണ്.
- വാടകയുമായി ബന്ധപ്പെട്ട എ2/4596/18 നമ്പർ ഫയൽ പരിശോധിച്ചതിൽ, 16.04.2018 ന് ശ്രീ.സെയ്തലവിക്കോയയ്ക്ക് അയച്ച 2/5589 നമ്പർ ഡിമാന്റ് നോട്ടീസ് ഇദ്ദേഹം കൈപ്പറ്റിയിട്ടും കുടിശ്ശിക തുക അടവാക്കിയിട്ടില്ല എന്ന് സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്മേൽ സെക്രട്ടറി നിർദ്ദേശിച്ചിരിക്കുന്നത് ഇവരുടെ കേസ് സംബന്ധിച്ച തീരുമാനം വരുന്നതു വരെ ഫയൽ പെഡിംഗ് വയ്ക്കാനാണ്. കൂടുതൽ രേഖകൾ പരിശോധിച്ചതിൽ ശ്രീ.സെയ്തലവി 24.07.2017 ന് മരണപ്പെട്ടിട്ടുള്ളതായും, കോഴിക്കോട് മുൻസിഫ് കോടതി II ൽ നിലനിൽക്കുന്ന OS 607/2017 വ്യവഹാരം ഇദ്ദേഹത്തിന്റെ ഭാര്യയും, മുൻഭാര്യയിലെ മക്കളും തമ്മിലുള്ളതാണെന്നും വ്യക്തമാകുന്നു.
- ശ്രീ.സെയ്തലവിക്കോയ മരണപ്പെട്ട വിവരം നഗരസഭയിൽ അവകാശികൾ അറിയിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് വ്യക്തതയില്ല. 2016-17 വർഷത്തെ കുടിശ്ശിക തുക അടവാക്കാതിരുന്നപ്പോഴോ, 2017-18 വർഷത്തേയ്ക്ക് ഇദ്ദേഹം കരാർ ചമയ്ക്കാതിരുന്നപ്പോഴോ തന്നെ ഇദ്ദേഹത്തിനനുവദിച്ച ലൈസൻസ് റദ്ദാക്കേണ്ടതായിരുന്നു. വാടകക്കാരൻ മരണപ്പെട്ട വിവരം അവകാശികൾ നഗരസഭയിൽ അറിയിച്ച്, കൈവശാവകാശം മാറ്റിയിട്ടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ മരണത്തോടെ ഇവർക്കനുവദിച്ച ലൈസൻസ് അവസാനിച്ചതായി കരുതണം. മേൽ രീതിയിൽ യഥാസമയം നഗരസഭയെടുക്കേണ്ട നടപടികൾ കൈക്കൊള്ളാത്തതിനാൽ നഗരസഭയ്ക്ക് കിട്ടേണ്ട വരവ് ലഭിക്കാത്ത അവസ്ഥയുണ്ടായിരിക്കുന്നു.

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് നഗരസഭ സെക്രട്ടറി നൽകിയ മറുപടി, കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചുള്ള കേസ് ആയതിനാലാണ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നടപടിയെടുക്കാതിരുന്നതെന്നും, ഈ വിഷയത്തിൽ നിയമോപദേശം ലഭ്യമാക്കി നടപടി സ്വീകരിക്കുമെന്നുമാണ്. ഒരു തദ്ദേശ

സ്ഥാപനത്തിന്റെ പൊതുഭരണ സംബന്ധമായും, സാമ്പത്തികവുമായ കാര്യങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടത് അവിടുത്തെ ധനകാര്യ സ്ഥിരം സമിതിയും, സമിതിയിലേയ്ക്ക് കൃത്യമായ വിവരങ്ങൾ യഥാസമയം കൈമാറേണ്ടത് ജീവനക്കാരുടേയും ചുമതലയാണ്. ഓഡിറ്റ് വർഷ കാലയളവിൽ ധനകാര്യ സ്ഥിരം സമിതിയിലോ, കൗൺസിൽ മീറ്റിങ്ങുകളിലോ ഈ വിഷയത്തിൽ ചർച്ചകളൊന്നും നടന്നു കാണുന്നില്ല. തദ്ദേശ സ്ഥാപനത്തിന് ലഭിക്കേണ്ട വരുമാനം ഉറപ്പാക്കേണ്ടതിലേയ്ക്കും, നടപടികളിലെ വീഴ്ചകൾ ഒഴിവാക്കുന്നതിനും മേലുദ്യോഗസ്ഥരുടേയും, കൗൺസിലിന്റേയും ശ്രദ്ധ അത്യാവശ്യമാണ്.

## 2-6 നിയമം അനുശാസിക്കും വിധം കരാർ ചമയ്ക്കാതെ നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കണം. എന്നാൽ 2017-18 വർഷത്തിൽ നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ ഭൂരിഭാഗം വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല. വിശദാംശം ചുവടെ

- അഞ്ചാം വാർഡിലെ 46 മുറികളുള്ള കെട്ടിടത്തിലെ 15 വാടകക്കാർ തൻവർഷം കരാർ വെച്ചിട്ടില്ല.
- ഒന്നാം വാർഡിലെ വ്യവസായ എസ്റ്റേറ്റിലെ ആകെയുള്ള16 മുറികളിൽ 14 എണ്ണം വാടകയ്ക്ക് കൊടുത്തതിൽ ആരുമായും കരാറിലേർപ്പെട്ടിട്ടില്ല.
- പത്താം വാർഡിലെ 161(i) മുറിയിലെ ഉടമസ്ഥനുമായും, മുനിസിപ്പൽ കെട്ടിടത്തിനു മുകളിൽ മൊബൈൽ ടവറിന് അനുമതി നൽകിയിരുമായും തൻവർഷം കരാർ ചമച്ചിട്ടില്ല.

2017-18 വർഷാവസാനം ആകെ 3,80,624/- രൂപ വാടകയിനത്തിൽ പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 3,36,584/- രൂപയുടെ കുടിശ്ശിക വരുത്തിയിരിക്കുന്നത് മുകളിൽ വിവരിച്ച കരാർ വയ്ക്കാത്ത വ്യക്തികളാണ്. ഇതിൽ ഓഡിറ്റ് തിയ്യതി വരെ അടവാക്കാതെ 2,22,010/- അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരൻ | കുടിശ്ശിക തുക | ഓഡിറ്റ് തിയ്യതിൽ |
|---|---|---|---|---|

| | | | | അടവാക്കാൻ ബാക്കി |
|---|---|---|---|---|
| 1. | 5/359 | പി.ഇ.സെയ്തലവിക്കോയ, പൂവന്നൂർ | 36,936/- | 36,936/- |
| 2. | 5/361 | പി.അബൂബക്കർ, പൊയിൽതൊടി | 27,880/- | -- |
| 3. | 5/376 | പി.സുബ്രമണ്യൻ, മേലമ്പലത്ത് | 13,405/- | 13,405/- |
| 4. | 5/384 | പി.പി.കോട്ടിക്കുട്ടി, വട്ടൻഞ്ചേരിപുര | 25,281/- | 25,281/- |
| 5. | 5/393 | കെ.സി.കുഞ്ഞോയ്, ഒളവത്തൂർ | 36,096/- | 36,096/- |
| 6. | 5/396 | ബി.എസ്.എൻ. എൽ.ടെലഫോൺ എക്സ്ചേഞ്ച് | 62,400/- | 62,400/- |
| 7. | -- | മൊബൈൽ ടവർ | 4,116/- | 4,116/- |
| 8. | 1/317എ3 | പി.രവീന്ദ്രൻ,വൈദ്യരങ്ങാടി | 46,464/- | -- |
| 9. | 1/317 എ5 | ശ്രീജിത്ത്.സി.പി.,കോടംമ്പുഴ | 43,776/- | 43,776/- |
| 10. | 1/317എ9,എ10,എ11 | കുടുംബശ്രീ യൂണിറ്റ് | 5748X3= 17,244/- | -- |

| | | | | |
|---|---|---|---|---|
| 11. | 1/317എ1 | ടി.പി.ഷീന,രാമനാട്ടുകര | 22,986/- | -- |
| നിലവിൽ അടവാക്കാൻ ബാക്കിയുള്ള കുടിശ്ശിക തുക | | | | 2,22,010/- |

കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നത് ഭാവിയിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമപ്രശ്നങ്ങളുണ്ടാക്കാം. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.9/17-18)കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന മറുപടിയാണ് നൽകിയത്. മേൽ വിവരിച്ച രീതിയിൽ നിയമപ്രകാരം കരാർ വയ്ക്കാതെ വാടക ലൈസൻസ് പുതുക്കി നൽകുന്നതും, വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കാതിരിക്കുന്നതും ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 2-7 പരസ്യ നികുതി - കുടിശ്ശിക ഈടാക്കിയില്ല ; അവ്യക്തത തുടരുന്നു.

രാമനാട്ടുകര നഗരസഭയുടെ കീഴിലുള്ള പരസ്യ നികുതി പിരിവിന്റെ 2017-18 വർഷത്തേയ്ക്കുള്ള കുത്തകാവകാശം 1,00,000 രൂപയ്ക്ക് ശ്രീ. മുഹമ്മദ് റഫീക്കിന് നിബന്ധനകൾക്ക് വിധേയമായി നൽകിയിരുന്നു. രണ്ട് ഗഡു നികുതി ടിയാൻ നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുമുണ്ട്. മേൽ കാലയളവിലെ 3 ാം ഗഡുവായ 33,332 രൂപ അനുബന്ധ നികുതി, പലിശ എന്നിവ സഹിതം അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് കുത്തകക്കാരന് നഗരസഭ കത്തയച്ചു. (നം.എ2 -1804/16B തീയതി: 18.11.17, 06.12.17). പരസ്യ നികുതി 2017 ജൂലൈ മുതൽ ജി.എസ്.ടി യിൽ ഉൾപ്പെടുത്തിയതിനാൽ തുടർന്ന് പരസ്യ നികുതി പിരിച്ചെടുക്കാൻ സാധിച്ചില്ലെന്നും ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസത്തിന് ആനുപതികമായ തുക ഈടാക്കിയതിനു ശേഷം അടവാക്കിയതിൽ ബാക്കി തുക തിരികെ നൽകാനും 19.03.2018 നുള്ള മറുപടി കത്തിൽ ശ്രീ. മുഹമ്മദ് റഫീക്ക് ആവശ്യപ്പെടുന്നു. തുടർന്ന്, തൻവർഷം ഈയിനത്തിൽ പിരിച്ച തുകയുടെ രേഖകൾ ഹാജരാക്കാൻ നഗരസഭ ആവശ്യപ്പെട്ടതിൽ (നം.എ2 22956/18 തീയതി 27.03.18) 2018 ജൂൺ 30 വരെ പിരിച്ച തുകയുടെ ഒരു സ്റ്റേറ്റ്മെന്റ് മാത്രം കുത്തകക്കാരൻ സമർപ്പിച്ചിട്ടുണ്ട്. 20.06.18 ലെ ഓഫീസ് കുറിപ്പ് അനുസരിച്ച്, ഈ വിഷയം സംബന്ധിച്ച് ചരക്ക് സേവന നികുതി കമ്മീഷണർക്ക് കത്തയക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 8/17.09.2018 ) മറുപടിയിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചില്ലെന്നും 2018 ജൂൺ 30 ന ശേഷം പരസ്യ നികുതി പിരിച്ചതായി ശ്രദ്ധയിൽപ്പെടുകയോ ഇത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തില്ലെന്നും വ്യക്തമാക്കുന്നു. എന്നാൽ ലേല നിബന്ധനയുടെ ഖണ്ഡിക നം 45 ൽ, അവിചാരിതമായ കാരണങ്ങളാൽ ഫീസ് പിരിക്കുന്നതിന് തടസ്സം നേരിട്ടാൽ ഉണ്ടാവുന്ന നഷ്ടത്തിന് നഗരസഭ

ഉത്തരവാദിയായിരിക്കില്ലെന്നും വ്യക്തമാക്കുന്നു. കുത്തകക്കാരൻ സമർപ്പിച്ച പത്രികയുടെ ആധികാരികത വ്യക്തമല്ല. 2017 ജൂലൈ മുതൽ കുത്തകക്കാരൻ ജി.എസ്.ടി അടവാക്കിയതിന്റെ വിവരവും ലഭ്യമല്ല. നഗരസഭയുടെ പൊതുഭരണവും ധനകാര്യവുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ നികുതികളെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുമില്ല.

മേൽ വിഷയം ചരക്ക് സേവന നികുതി കമ്മീഷണറെ അറിയിച്ച് ഇക്കാര്യത്തിലുള്ള അവ്യക്തത നീക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-8** പൊതുമാർക്കറ്റ്, മത്സ്യമാർക്കറ്റ്, ബസ് സ്റ്റാന്റ് എന്നിവയുടെ ലേലം - കുടിശ്ശിക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മേൽ സ്ഥാപനങ്ങൾ കുത്തകക്കാരന് 2015-16 വർഷങ്ങളിൽ അനുവദിച്ചെങ്കിലും തൻവർഷം കുടിശ്ശിക ഈടാക്കാൻ ബാക്കിയുള്ളതായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു (യോഗ തീയതി : 25.03.2017 തീരുമാനം നം.93). കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും ഫയലിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും 2016-17 വർഷം ഈ ഇനത്തിലുള്ള കുടിശ്ശികയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. കുത്തകക്കാരുമായി നഗരസഭ ചമച്ച കരാർ ഫയലിൽ ലഭ്യമല്ല. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | കുത്തകക്കാരൻ | ലേലതുക | കുടിശ്ശിക |
|---|---|---|---|
| പൊതുമാർക്കറ്റ് | പുളിക്കൽ രജീന്ദ്രൻ | 4,06,000 | 1,37,333 |
| മത്സ്യമാർക്കറ്റ് | ടി.പി നാസർ | 4,06,000 | 2,70,666 |
| ബസ് സ്റ്റാന്റ് | അനൂപ് പി. | 7,00,000 | 4,66,666 |
| കംഫർട്ട് സ്റ്റേഷൻ | മജീദ് കെ.ടി. | --- | 33,834(രണ്ടാം ഗഡു) |
| കംഫർട്ട് സ്റ്റേഷൻ | അനിൽ കുമാർ | --- | 32,332 (2016-17) (ഓഡിറ്റ് എൻക്വയറിക്കുള്ള |

| | | | |
|---|---|---|---|
| | | | മറുപടി യിൽ സൂചിപ്പിച്ചത്) |

മേൽ യോഗ തീരുമാന പ്രകാരം കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ കൗൺസിലിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ നൽകിയ മറുപടിയിൽ (നം. 6/17.09.2018) റവന്യൂ റിക്കവറി സംബന്ധിച്ച മുഴുവൻ കേസുകളിലും ഉടൻ നടപടി പൂർത്തിയാക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഒന്നര വർഷത്തിനു ശേഷവും റവന്യൂ റിക്കവറി നടപടി സ്വീകരിച്ചില്ല.

പുളിക്കൽ രജീന്ദ്രൻ എന്ന കുത്തകക്കാരൻ ലേലത്തുക അടവാക്കാൻ നിശ്ചയിച്ച കാലപരിധിക്കു ശേഷം മരണപ്പെട്ട സാഹചര്യത്തിൽ മാർക്കറ്റ് ലേലത്തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും പണം ഈടാക്കാൻ നേരിൽക്കണ്ട് ശ്രമം നടത്തുവാനും നിയമവശം ആലോചിക്കുവാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (യോഗ തീയതി: --.12.2017, തീരുമാനം നം.147). ഇതിന്റെ നിയമവശം പരിശോധിക്കുന്നതിന് ഭരണസമിതിയുടെ 24.01.2018 ലെ യോഗം തീരുമാനിച്ചെങ്കിലും ഫലപ്രദമായ തുടർ നടപടി സ്വീകരിച്ചില്ല.

ഏതെങ്കിലും കാരണവശാൽ ലേലക്കാരൻ വാടക കുടിശ്ശിക വരുത്തുന്ന പക്ഷം നഗരസഭയ്ക്ക് പിരിഞ്ഞു കിട്ടേണ്ടുന്ന തുക കണക്കാക്കി ആയത് പിരിച്ചെടുക്കുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 215 ാം വകുപ്പ് അനുസരിച്ച് തുക പിരിച്ചെടുക്കുന്നതിന് നിയമ നടപടി സ്വീകരിച്ചോ കുടിശ്ശികക്കാരന്റെ ജംഗമ സ്വത്തുക്കൾ ജപ്തി ചെയ്യുന്നതിനോ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഈ കാര്യം ലേല നിബന്ധനയിൽ 21 ാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ കുടിശ്ശിക ഇത്തരം നടപടികളൊന്നും നഗരസഭ സ്വീകരിച്ചില്ല.

കംഫർട്ട് സ്റ്റേഷൻ കുത്തകക്കാരനായ ശ്രീ. മജീദ്.കെ.ടി ഇതുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 20.11.2017 ലെ 14ാം നമ്പർ തീരുമാന പ്രകാരം അംഗങ്ങൾ കംഫർട്ട് സ്റ്റേഷൻ നേരിൽ സന്ദർശിച്ച് റിപ്പോർട്ട് അടുത്ത യോഗത്തിൽ വെയ്ക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ തൻവർഷത്തിൽ തുടർന്നു നടന്ന യോഗനടപടികൾ പരിശോധിച്ചതിൽ അത്തരമൊരു റിപ്പോർട്ടിനെ സംബന്ധിച്ച വിവരമില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ശ്രീ. മജീദ് കെ.ടി യുമായി നേരിൽക്കണ്ട് സംസാരിക്കുകയും 3 മാസത്തെ ലേലത്തുക ഒഴിവാക്കിയതായും അറിയിക്കുന്നു. എന്നാൽ കുത്തകക്കാരന്റെ പരാതി ഫയലിൽ ലഭ്യമല്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ലേലത്തുക ഒഴിവാക്കിയ വിഷയത്തിൽ

തീരുമാനംമെടുത്തതായി മിനുട്സ് പരിശോധനയിൽ കണ്ടില്ല.

മേൽ സാഹചര്യത്തിൽ, ഭരണസമിതിയുടെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-9 ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങൾ നടപ്പാക്കിയില്ല

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2011ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇതിനായി ചട്ടം 4 പ്രകാരം ഈ ചട്ടങ്ങൾക്കനുസൃതമായി നൽകുന്ന ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെ മുനിസിപ്പലിറ്റിയിലെ ഒരു സ്ഥലവും ഉപയോഗപ്പെടുത്താൻ പാടില്ലെന്ന് ഗസ്സറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം മുഖേനയും, മുനിസിപ്പൽ ഓഫീസ് നോട്ടീസ് ബോർഡിലും, പ്രദേശത്തെ പ്രധാന പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്യണം. ഈ വിജ്ഞാപനത്തിൽ ഓരോ വ്യപാരം/തൊഴിൽ/കച്ചവടം ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി ഒരോ വ്യപാരത്തേയും എ, ബി, സി എന്നീ വിഭാഗങ്ങളാക്കി തരം തിരിക്കേണ്ടതാണ്.

രാമനാട്ടുകര മുനിസിപ്പലിറ്റിയിൽ 2017-18 വർഷത്തിലോ, തുടർന്ന് ഓഡിറ്റ് സമയം വരെയും മേൽ ചട്ടം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ചട്ടത്തിലെ പട്ടിക I, II എന്നിവയിലെ വ്യാപാരങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷയാണ് ഫോറം 1. ഇത്തരത്തിൽ അപേക്ഷിക്കുന്ന വ്യാപാരത്തിലോ ഫാക്ടറികളിലോ യന്ത്രസാമഗ്രികൾ സ്ഥാപിക്കണമെങ്കിൽ ഫോറം 3 ൽ അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയിൽ ഏതൊക്കെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നവെന്നും, ഇവയുടെ പ്രവർത്തനം, കുതിരശക്തി, ഉപയോഗപ്പെടുത്തുന്ന ഊർജ്ജം എന്നിവ സംബന്ധിച്ചും, സ്ഥാപനത്തിന്റെ ചുറ്റുപാടുമുള്ളവർക്ക് ശല്യമുണ്ടാകുന്ന സാധ്യത സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തണം. അതുപോലെ തദ്ദേശ സ്ഥാപനത്തിന്റെ മുൻകൂർ അനുമതി ആവശ്യമില്ലാത്ത വ്യവസായ യൂണിറ്റുകൾ മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 5 മാതൃകയിൽ അപേക്ഷ നൽകണം. എന്നാൽ ഇത്തരത്തിൽ വ്യത്യസ്ത ആവശ്യങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽ ഒറ്റ അപേക്ഷയാണ് (ഫോറം 1)സ്വീകരിക്കുന്നത്. അതുകൊണ്ടു തന്നെ വ്യത്യസ്ത

ആവശ്യങ്ങൾക്കായി മുനിസിപ്പാലിറ്റിയിൽ അപേക്ഷിച്ചവരുടെ വിവരം തരം തിരിച്ച് ലഭ്യമല്ല. ആപല്ക്കരവും, അസഹ്യവുമായ വ്യാപാരങ്ങളുടെ (പട്ടിക 1)കാര്യത്തിൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൌൺസിലും, മറ്റുള്ളവയുടെ കാര്യത്തിൽ സെക്രട്ടറിയുമാണ് അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കേണ്ടത്. മുനിസിപ്പാലിറ്റിയിലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 1344 സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ പട്ടിക I,II ഉൾപ്പെടുന്നവയെത്രയെന്നും, മുൻകൂർ അനുമതി വേണ്ടാത്ത വ്യവസായങ്ങൾ ഏവയെന്നും വ്യക്തമല്ല. ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് എന്തടിസ്ഥാനമാക്കിയാണെന്നും വ്യക്തമല്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് പിരിവ് കൃത്യതയുള്ളതാക്കേണ്ടതാണ്.

## 2-10 മുനിസിപ്പാലിറ്റി ചട്ടങ്ങൾ പാലിക്കാതെ വിവിധ തരം സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നു

1997 ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം 3, 1999 ലെ കേരള മുനിസിപ്പാലിറ്റി(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം 3 എന്നിവ പ്രകാരം മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മേൽ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ/രജിസ്ട്രേഷൻ പുതുക്കാതെ ഒരു സ്വകാര്യ ആശുപത്രിയോ, പാരാമെഡിക്കൽ സ്ഥാപനമോ, ട്യൂട്ടോറിയൽ സ്ഥാപനമോ സ്ഥാപിക്കുവാനോ, പ്രവർത്തിക്കുനോ പാടില്ല. ഈ ചട്ടങ്ങളിലെ ചട്ടം 3(6) പ്രകാരം വ്യക്തികൾ രജിസ്ട്രേഷനായി അപേക്ഷിക്കുമ്പോൾ, രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനങ്ങളെ സംബന്ധിച്ച് രണ്ടാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തുമ്പോൾ മാത്രമാണ് പ്രസ്തുത സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കാവുന്നത്. ഈ സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ പ്രവർത്തിക്കുന്നതിന് ഓരോ വർഷാവസാനം അവസാനിക്കുന്നതിനു മുമ്പായി ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് നഗരസഭ പരിധിയിൽ ഈയിനത്തിൽ പെട്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

സ്ഥാപനത്തിലെ 2017-18 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം നഗരസഭ പരിധിയിൽ 30 പാരാമെഡിക്കൽ സ്ഥാപനങ്ങളും, രണ്ട് ട്യൂട്ടോറിയൽ സ്ഥാപനവും ഉണ്ട്. എന്നാൽ ഇവ നഗരസഭയിൽ രജിസ്റ്റർ ചെയ്യുകയോ, ഇവയുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 506(ബി) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം എന്നാൽ കേന്ദ്രസംസ്ഥാന സർക്കാരോ, മറ്റു സർക്കാരുകളോ, സംസ്ഥാനത്തെ/മറ്റു സംസ്ഥാനത്തെ സർവ്വകലാശാലകളോ നടത്തുന്നതായ ഏതെങ്കിലും വിദ്യാഭ്യാസ ശാഖയിലെ ഒരു

പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനോ, ഹാജരാകുന്നതിനോ വേണ്ടി വിദ്യാഭ്യാസമോ, ബോധനമോ, പരിശീലനമോ നൽകുന്നതിന് ഒരാളോ ഒന്നിലധികം പേരോ ചേർന്ന് നടത്തുന്നതും, പത്തിൽ കൂടുതൽ വിദ്യാർത്ഥികളുള്ളതുമായ സ്ഥാപനം എന്നർത്ഥമാകുന്നു. മുനിസിപ്പൽ പ്രദേശത്ത് ഇത്തരത്തിൽ, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സ്ഥാപനങ്ങളടക്കം നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും മേൽ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് എൻക്വയറി (നം.17/17-18, തിയ്യതി.26.09.2018)നൽകിയതിന് രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും, രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ അനുമതിയോടു കൂടി മാത്രം പ്രവർത്തിക്കുവെന്ന് ഉറപ്പാക്കേണ്ടതും, രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം തടയേണ്ടതുമാണ്. ഈ വിഷയത്തിൽ കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 2-11 ടെണ്ടർഫോറം വില മുഴുവനായി മുനിസിപ്പാലിറ്റിയിൽ ലഭ്യമായില്ല

2017-18 വർഷത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവർത്തികൾക്കായി ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വിലയും, ഇ.എം.ഡി.യും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാവുന്നത്. ഇതിൽ ടെണ്ടർ ഫോറത്തിന്റെ വില അതത് തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ ലഭ്യമാക്കി സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ അടവാക്കണം. മുനിസിപ്പാലിറ്റിയിലെ 2017-18 ലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ആറു തവണയായി നടത്തിയ ഇ-ടെണ്ടർ നടപടികളിലൂടെ ആകെ 72,550രൂപ ടെണ്ടർ ഫോറത്തിന്റെ വിലയായി വരവുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ടെണ്ടർ തുറന്ന തിയ്യതി | ആകെ പ്രവർത്തികളുടെ എണ്ണം | നിരക്ക് ക്വാട്ട് ചെയ്ത പ്രവർത്തികൾ | കിട്ടേണ്ട ടെണ്ടർ ഫോറം വില | ലഭിച്ച ടെണ്ടർ ഫോറം വില |
|---|---|---|---|---|---|
| 1. | 19.09.17 | 31 | 7 | 10450 | 10,450 |
| 2. | 08.11.2017 | 43 | 19 | 31,950 | 31,950 |
| 3. | 15.12.2017 | 8 | 5 | 15,300 | 14,250 (എസ്.സി. |

| | | | | | |
|---|---|---|---|---|---|
| | | | | | കോൺട്രാക്ടർക്ക് 50% ഇളവ്) |
| 4. | 12.02.2018 | 6 | 1 | 2,400 | 2,400 |
| 5. | 08.03.2018 | 5 | 5 | 11,500 | 11,500 |
| 6. | 19.03.2018 | 1 | 1 | 2,000 | 2,000 |
| ആകെ തുക | | | | | 72,550 |

മേൽ വിവരിച്ച രീതിയിൽ ഈയിനത്തിൽ ആകെ 72,550 രൂപ വരവുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ.രാമനാട്ടുകരയിലുള്ള 67388563907 നമ്പർ അക്കൗണ്ടിൽ 13,600/- രൂപമാത്രമാണ് ലഭ്യമായിട്ടുള്ളത്(ക്രഡിറ്റായിട്ടുള്ളത്). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/17-18, തിയ്യതി.26.09.2018) നഗരസഭ സെക്രട്ടറി 27.9.2018 ന് നൽകിയ മറുപടി പ്രകാരം ഓഡിറ്റ് തിയ്യതി വരെ ആകെ 2,21,620/- രൂപ ടെണ്ടർ ഫോറം ഇനത്തിൽ പിരിഞ്ഞികിട്ടാനുണ്ട്. എന്നാൽ 1,75,521/- രൂപ മാത്രമാണ് നാളിതുവരെ ലഭ്യമായത്. ഇതിൽ 1,65,521/- രൂപ 13.09.2018 തിയ്യതിയിൽ തനതുഫണ്ടിലേയ്ക്ക് അടവാക്കി. ടെണ്ടർ ഫോറമിനത്തിൽ ലഭ്യമാകുന്ന തുക അതാതു സാമ്പത്തിക വർഷം തനതുഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്. ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്ന 46,099/- രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാർട്ട്-ടൈം ലൈബ്രേറിയൻ ശമ്പള കുടിശ്ശിക - അധിക തുക അനുവദിച്ചു

വൗച്ചർ നമ്പർ : 21700455/29.11.2017

തുക : 174124

പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീമതി.കെ.ഷൈമയുടെ ശമ്പളം പാർട്ട് ടൈം

ജീവനക്കാരുടെ കാറ്റഗറി മൂന്നിൽ ആയിരുന്നു നിജപ്പെടുത്തിയത്. സർക്കാർ സർവ്വീസിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾ 07.01.1977 ലെ ജി.ഒ (ആർ.ടി)45/77 എൽ.എ & എസ്.ഡബ്ല്യൂ.ഡി പ്രകാരം പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും ബാധകമാക്കി. ഇത് പ്രകാരം പാർട്ട്-ടൈം ലൈബ്രേറിയൻ കാറ്റഗറി - 1 ലാണ് ഉൾപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.കെ.ഷൈമയുടെ ശമ്പളം കാറ്റഗറി III ൽ നിന്ന് കാറ്റഗറി I ലേയ്ക്ക് 2013 ജൂലൈ മാസം മുതൽ ഉയർത്തിയിട്ടുണ്ട്. ഇത് പ്രകാരമുള്ള കുടിശ്ശികയാണ്. മേൽ വൗച്ചർ പ്രകാരം ക്യാഷായി അനുവദിച്ചത്. വിശദാംശം താഴെ കൊടുക്കുന്നു.

7/2013 ൽ ശമ്പളം - 5520.00

7/2014 ൽ ശമ്പളം - 5414.00

8/2014 ൽ ശമ്പളം - 5640.00

7/2015 ൽ ശമ്പളം - 5760.00

2/2016 ൽ ശമ്പളം - 11820.00

7/2016 ൽ ശമ്പളം - 12060.00

കുടിശ്ശിക ബിൽ തയ്യാറാക്കിയപ്പോൾ 2/2016 ന് 11820 രൂപ അടിസ്ഥാന ശമ്പളം കണക്കാക്കി, ക്ഷാമബത്ത 5299 രൂപ അനുവദിച്ചു. 2014 ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പണമായി പിൻവലിയ്ക്കാവുന്ന ക്ഷാമബത്ത 2/2016 മുതൽ പുതുക്കിയ ശമ്പളത്തിന്റെ 6% വും, 5/16 മുതൽ 9% വും, 1/17 മുതൽ 12% വും, 4/17 മുതൽ 14% വും ആണ്. അർഹമായ ക്ഷാമബത്ത നിരക്കുകൾ താഴെ ചേർക്കുന്നു.

| പ്രാബല്യ തീയതി | നിരക്ക് | പണമായി നൽകാവുന്നത് |
|---|---|---|
| 01.07.2015 | 6% | 2/16 മുതൽ |
| 01.01.16 | 9% | 6/16 മുതൽ |
| 01.07.16 | 12% | 1/17 മുതൽ |
| 01.01.17 | 14% | 4/17 മുതൽ current |

ഇതിന് പകരം വർദ്ധിച്ച ക്ഷാമബത്ത അനുവദിച്ചു. ജീവനക്കാരിയ്ക്ക് അനുവദിയ്ക്കേണ്ട തുകയും, അധികം അനുവദിച്ച തുകയും താഴെ കൊടുക്കുന്നു.

അനുവദിച്ചത്

| Due | | | | Drawn | | | |
|---|---|---|---|---|---|---|---|
| മാസം | അടിസ്ഥാന | ക്ഷാമ | ആകെ | അടിസ്ഥാന | ക്ഷാമ | ആകെ | ബാലൻസ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശമ്പളം | ബത്ത | | ശമ്പളം | ബത്ത | | |
| 2/2016 | 11820 | 5299 | 17119 | 9400 | 564 | 9964 | 7155 |
| 3/2016 | 11820 | 5299 | 17119 | 9400 | 564 | 9964 | 7155 |
| 4/2016 | 11820 | 5299 | 17119 | 9400 | 564 | 9964 | 7155 |
| 5/2016 | 11820 | 5299 | 7119 | 9400 | 846 | 10246 | 6873 |
| 6/2016 | 11820 | 5299 | 17119 | 9400 | 846 | 10246 | 6873 |
| 7/16 മുതൽ 12/16 വരെ | 12060 | 5299 | 17359 | 9600 | 864 | 10464 | 41370 |
| 1/17 മുതൽ 3/17 വരെ | 12060 | 5299 | 17359 | 9600 | 1152 | 10752 | 19821 |
| 4/17 മുതൽ 5/17 വരെ | 12060 | 5299 | 17359 | 9600 | 1344 | 10944 | 12830 |
| ആകെ | | | | | | | 109232 |

അനുവദിക്കേണ്ടത്

| Due | | | | Drawn | | | |
|---|---|---|---|---|---|---|---|
| മാസം | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ | ബാലൻസ് |
| 2/2016 മുതൽ 4/16 വരെ | 11820 | 710 | 12530 | 9400 | 564 | 9964 | 7698 |
| 5/16 മുതൽ 6/16 വരെ | 11820 | 1064 | 12884 | 9400 | 846 | 10246 | 5276 |
| 7/16 മുതൽ 12/16 വരെ | 12060 | 1086 | 13146 | 9600 | 864 | 10464 | 16092 |
| 1/17 മുതൽ 3/17 വരെ | 12060 | 1448 | 13508 | 9600 | 1152 | 10752 | 8268 |
| 4/17 മുതൽ 5/17 വരെ | 12060 | 1689 | 13749 | 9600 | 1344 | 10944 | 5610 |
| | | | | | | | 42944 |

അർഹതപ്പെട്ട കുടിശ്ശിക 2/16 മുതൽ 5/17 വരെ 42944 രൂപയായിരിക്കെ 109232 രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 66288 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതിന് പുറമെ 2/16 മുതൽ 5/17 വരെയുള്ള കാലത്തെ മേൽ പരാമർശിച്ച നിരക്കിലുള്ള കുടിശ്ശിക ക്ഷാമബത്ത നൽകിയതിന്റെ വിവരം ബന്ധപ്പെട്ട ബിൽ സഹിതം ലഭ്യമാക്കേണ്ടതാണ്.

## **3-2** ഫണ്ടുകളുടെ ലഭ്യതയ്ക്കായി യഥാസമയം നടപടിയെടുക്കുന്നില്ല- പദ്ധതി നിർവ്വഹണത്തിൽ കാലതാമസം

2017-18 വർഷം രാമനാട്ടുകര നഗരസഭയ്ക്ക് സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയും തൻവർഷത്തിൽ ലഭ്യമായതും, ചെലവഴിച്ചതുമായ പ്ലാൻഫണ്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ലഭിച്ചത് | ചെലവ് | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 1,24,28,000* | 2,24,28,000 | 2,13,00,746 | 94.97% |
| വികസനഫണ്ട് എസ്.സി.പി. | 74,21,000 | 74,21,000 | 74,21,000 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 48,000 | -- | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 62,38,000 | 51,97,882 | 49,20,636 | 94.67% |
| സംരക്ഷണഗ്രാന്റ് റോഡ് | 23,94,000 | 20,94,579 | 18,99,651 | 90.69% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 30,42,000 | 30,29,401 | 30,29,401 | 100% |
| ആകെ | 3,15,71,000 | 4,01,70,862 | 3,85,71,434 | 96.02% |

*ബജറ്റ് വിഹിതത്തേക്കാൾ 1,00,00,000/- രൂപ അധികമായി ലഭിച്ചിട്ടുണ്ട്.

തൻവർഷം തയ്യാറാക്കിയ വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയ അടങ്കൽ തുകയും ചെലവഴിച്ച തുകയും ഫണ്ടു തിരിച്ച വിവരം ചുവടെ ചേർക്കുന്നു. (തൻവർഷത്തെ പദ്ധതിയുടേയും, സ്പിൽഓവർ പദ്ധതിയുടേയും വിവരങ്ങൾ ഉൾപ്പെടെ)

| ഫണ്ടിനം | തൻവർഷ പദ്ധതികൾക്ക് | | സ്പിൽഓവർ പദ്ധതികൾക്ക് | | അടങ്കൽ | ചെലവ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | | | |
| വികസന ഫണ്ട് ജനറൽ | 2,24,28,000 | 2,10,06,574 | 3,04,750 | 2,94,172 | 2,27,32,750 | 2,13,00,746 | 93.7% |
| വികസന ഫണ്ട് എസ്. സി.പി. | 69,00,509 | 54,55,686 | 44,15,077 | 19,65,314 | 1,13,15,586 | 74,21,000 | 65.58% |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ടി. എസ്.പി. | 48,000 | -- | -- | -- | 48,000 | -- | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 39,38,000 | 13,57,810 | 47,78,562 | 35,62,826 | 87,16,562 | 49,20,636 | 56.45% |
| ലോക ബാങ്ക് സഹായം | 1,18,029 | 1,18,029 | -- | -- | 1,18,029 | 1,18,029 | 100% |
| കേന്ദ്രാ വിഷ്കൃത ഫണ്ട് | 5,00,000 | 5,00,000 | -- | -- | 5,00,000 | 5,00,000 | 100% |
| സംസ്ഥാ നാവിഷ്കൃത ഫണ്ട് | 1,50,000 | -- | 5,60,000 | -- | 7,10,000 | -- | -- |
| തനതു ഫണ്ട് | 95,77,071 | 31,87,567 | 61,97,516 | 52,61,656 | 1,57,74,587 | 84,49,223 | 53.56% |
| സംര ക്ഷണ ഗ്രാന്റ് റോഡ് | 13,94,000 | 1,97,600 | 21,38,000 | 17,02,051 | 35,32,000 | 18,99,651 | 53.78% |
| സംര ക്ഷണ ഗ്രാന്റ് റോഡി തരം | 30,42,000 | 9,31,746 | 26,44,105 | 20,97,655 | 56,86,105 | 30,29,401 | 53.28% |

| | | | | | | | |
|---|---|---|---|---|---|---|---|
| മറ്റുള്ളവ | 9,45,500 | 2,94,500 | 1,21,000 | 1,00,000 | 10,66,500 | 3,94,500 | 36.99% |
| ആകെ | 4,90,41,109 | 3,30,49,512 | 2,11,59,010 | 1,49,83,674 | 7,02,00,119 | 4,80,33,186 | 68.42% |

2017-18 വർഷത്തെ വാർഷിക പദ്ധതിയിലെ ആകെ 169 പദ്ധതികളിൽ 64 എണ്ണം സ്പിൽഓവർ പ്രോജക്ടുകളാണ്. തൻവർഷ വാർഷികപദ്ധതിയിലെ ആകെ അടങ്കലിന്റെ 30% വും, ചെലവിന്റെ 31% വും സ്പിൽഓവർ പദ്ധതികൾക്കായാണ് മാറ്റിവച്ചിരുന്നത്/നടന്നതെന്ന് മുകളിൽ കാണിച്ച കണക്കുകളിൽ നിന്നും വ്യക്തമാണ്. എന്നാൽ സ്പിൽഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയുടെ 70.8% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഒന്നാമത്തെ പട്ടിക പ്രകാരം വികസനഫണ്ട് എസ്.സി.പി, സംരക്ഷണഗ്രാന്റ് റോഡിതരം എന്നിവയിലെ ചെലവ് 100% വും, സംരക്ഷണഗ്രാന്റ് റോഡ്, ധനകാര്യകമ്മീഷൻഗ്രാന്റ് എന്നിവയിൽ ചെലവ് യഥാക്രമം 90.69%, 94.67% എന്നിങ്ങനെയുമാണെന്ന് കാണാം. എന്നാൽ പട്ടിക രണ്ടുമായി താരതമ്യപ്പെടുത്തുമ്പോൾ തൻവർഷത്തേയ്ക്ക് തയ്യാറാക്കിയ വാർഷിക പദ്ധതിയിൽ ഈയിനങ്ങളിലെ ചെലവ് യഥാക്രമം 65.58%, 53.28%, 53.78%, 56.45% എന്നിങ്ങനെ മാത്രമാണ്. വികസനഫണ്ട് ജനറൽ ഇനത്തിൽ സംസ്ഥാനബജറ്റിൽ വകയിരുത്തിയിനേക്കാൾ ഒരു കോടി രൂപ അധികധനസഹായമായി(പുതിയ മുനിസിപ്പാലിറ്റികൾക്കായി) ലഭിച്ചതിനാൽ മാത്രമാണ് പട്ടിക രണ്ടു പ്രകാരം ഈയിനത്തിലെ ചെലവ് 93.7% ൽ എത്താൻ കഴിഞ്ഞത്.(ഈ തുക ലഭിച്ചില്ലായിരുന്നെങ്കിൽ ചെലവു ശതമാനം 49.71% മാത്രമാകുമായിരുന്നു.)

സ.ഉ.(അ) നം.119/2016/ധന തീയതി 21/03/2015 പ്രകാരം 2015-16 വർഷം മുതൽ പുതിയ ഫണ്ടിംഗ് രീതി നിലവിൽ വരികയും, ഇതു പ്രകാരം സാമ്പത്തിക വർഷം മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത പ്ലാൻഫണ്ട് തുകകൾ തിരിച്ച് സഞ്ചിത നിധിയിലേയ്ക്ക് എടുക്കപ്പെടുകയും, ഈ തുക മുൻവർഷത്തെ സ്പിൽഓവർ പദ്ധതികൾക്കായി തൊട്ടടുത്ത വർഷത്തെ ഫണ്ട് അലോട്ട്മെന്റിനൊപ്പം അനുവദിക്കുമെന്നും വിവരിക്കുന്നു. സ്പിൽഓവർ പദ്ധതികളുടെ ചെലവ് തൊട്ടടുത്തവർഷം മാർച്ച് 31 വരെ നടത്താമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം രാമനാട്ടുകര നഗരസഭയ്ക്ക് 2016-17 വർഷത്തിൽ ലഭ്യമായതും, ചെലവഴിക്കാത്തതുമായ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | ബാക്കി | ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 1,08,49,168 | 1,08,49,168 | -- | 100% |
| വികസനഫണ്ട് എസ്.സി.പി. | 65,77,770 | 65,77,770 | -- | 100% |

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 55,30,904 | 43,43,129 | 11,87,775 | 78.52% |
| സംരക്ഷണഗ്രാന്റ് റോഡ് | 23,49,933 | 14,13,917 | 9,36,016 | 60.17% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 29,99,634 | 17,30,463 | 12,69,171 | 57.69% |

2016-17 വർഷത്തിൽ ചെലവഴിക്കാത്ത തുകയും(2017-18 വർഷത്തിൽ തിരികെ ലഭിക്കാൻ സാധ്യതയുള്ള തുക), 2017-18 വർഷത്തിൽ ഈ ഫണ്ടിനങ്ങളിൽ സ്പിൽഓവർ പദ്ധതികൾക്കായുള്ള അടങ്കലും ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | 2016-17 ൽ ചെലവഴിക്കാൻ ബാക്കിയുള്ളത് | 2017-18 പദ്ധതിയിലെ സ്പിൽഓവർ അടങ്കൽ തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | -- | 3,04,750 |
| വികസനഫണ്ട് എസ്.സി.പി. | -- | 44,15,077 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11,87,775 | 47,78,562 |
| സംരക്ഷണഗ്രാന്റ് റോഡ് | 9,36,016 | 21,38,000 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 12,69,171 | 26,44,105 |

മേൽ ഉത്തരവു പ്രകാരവും, നഗരസഭകൾക്കുള്ള പദ്ധതിആസൂത്രണ മാർഗ്ഗരേഖ

(സ.ഉ.(എം.എസ്)79/2017/ത.സ്വ.ഭ.വ.,തിയ്യതി: 3.4.2017)പ്രകാരവും സ്പിൽഓവർ പദ്ധതികൾ ആ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി മുൻവർഷം ചെലവഴിക്കാത്ത തുക അനുവദിക്കുമെന്നാണ് സർക്കാർ നിർദ്ദേശം. എന്നാൽ നഗരസഭയിൽ 2016-17 ൽ ആരംഭിച്ച പദ്ധതികൾ 2017-18 ലും പൂർത്തീകരിക്കാതെ 2018-19 വർഷത്തിലേയ്ക്ക് സ്പിൽഓവർ പദ്ധതിയാക്കിയിട്ടുണ്ട്. പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിലെ അനാസ്ഥയാണ് ഇതിലൂടെ വെളിവാകുന്നത്. മുകളിൽ കാണിച്ച പട്ടികയിൽ മുൻവർഷം ചെലവഴിക്കാൻ ബാക്കിയുള്ളതിനേക്കാൾ കൂടിയ തുകയുള്ള സ്പിൽഓവർ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉണ്ടായിരുന്നെന്ന് വ്യക്തമാണ്. (2015-16 വർഷത്തിൽ ചെലവഴിക്കാത്ത തുകയുള്ള പദ്ധതികൂടി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല.)മുകളിൽ വിവരിച്ച പ്രകാരം യഥാർത്ഥത്തിൽ ലഭ്യമാകുമായിരുന്നതിനേക്കാൾ വളരെ അന്തരത്തിൽ പദ്ധതികൾ വിഭാവനം ചെയ്തതിനാൽ ഓഡിറ്റ് വർഷം പൂർത്തീകരിച്ച പ്രോജക്ടുകൾക്കു പോലും തുക അനുവദിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

- വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ വെറ്ററിനറി ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ(പ്രോ.നം.20/18) മരുന്നുകൾ 24.03.2018 ന് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും, മരുന്നു വിതരണം ചെയ്ത 'ഡൈന വെറ്റ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് തുക നൽകാൻ കഴിഞ്ഞിട്ടില്ല.(2,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം)
- പ്രോജക്ട് ഓഫീസർ, ദാരിദ്രലഘൂകരണം നടപ്പാക്കിയ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിയിൽ (പ്രോ.നം.35/17)രണ്ടു ഗുണഭോക്താക്കൾ 27.03.2018, 28.03.2018 എന്നീ തിയ്യതികളിൽ ഫറോക്ക് സബ് രജിസ്ട്രാർ ഓഫീസിൽ ഭൂമി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും, ഇതിൽ ഒരു ഗുണഭോക്താവിനു മാത്രമാണ് തൻവർഷം തുക 4,50,000/- രൂപ (വികസനഫണ്ട് എസ്.സി.പി) അനുവദിച്ചത്.
- ഹെൽത്ത് ഓഫീസർ നടപ്പാക്കിയ സമഗ്ര മാലിന്യ സംസ്കരണപദ്ധതി (പ്രോ.നം.131/18)യിൽ വർഷാവസാനം തയ്യാറായ 2,27,246/-രൂപയുടെ ബിൽ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)ഫണ്ട് പരിമിതി മൂലം നൽകായിട്ടില്ല.

സ.ഉ.(സാധാ) നം. 3088/2018/ധന. , തീയതി, 31.03.2018 പ്രകാരം വിവിധ പ്രാദേശിക സർക്കാരുകൾക്കുള്ള 2016-17 ലെ സ്പിൽ ഓവർ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ വിവരിക്കുന്നത്, 100% വികസനഫണ്ട് വിനിയോഗം നടത്തിയ പ്രാദേശിക സർക്കാരുകൾക്ക് സ്പിൽഓവർ പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നുവെന്നാണ്. രാമനാട്ടുകര നഗരസഭ സെക്രട്ടറി 2018 മാർച്ചിൽ എ1-2017/18 നമ്പർ കത്തു പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർക്കും, നഗരകാര്യ ഡയറക്ടർക്കും ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റ് ഗ്രാന്റ് റോഡിതരം എന്നിവയിൽ തുക ലഭ്യമല്ലാത്തതു സംബന്ധിച്ച് ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. എന്നാൽ

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 2017-18 വാർഷിക പദ്ധതിയ്ക്ക് 01.06.2017 ന് ജില്ലാ ആസൂത്രണ സെല്ലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ സ്പിൽഓവർ പ്രോജക്ടുകളുൾപ്പെടെയുള്ളവയുടെ പദ്ധതി ചെലവുകൾ കൂടുതലും നടന്നിരിക്കുന്നത് സാമ്പത്തിക വർഷാവസാനം മാത്രമാണ്. വർഷാവസാനത്തിൽ തിരക്കിട്ട് പദ്ധതി ചെലവുകൾ നടത്തുന്നതിനാലാണ് ഫണ്ട് പരിമിതിയുടെ കാര്യത്തിൽ നടപടിയെടുക്കാൻ/സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താൻ വൈകിയിട്ടുള്ളത്. ഓരോ വർഷത്തിലും ഇത്തരത്തിൽ ലഭിക്കേണ്ട തുക യഥാസമയം കിട്ടിയില്ലെങ്കിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയായിരിക്കും നഗരസഭയ്ക്ക് നേരിടേണ്ടിവരിക. നഗരസഭയിലെ ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും, വികസന പ്രവർത്തനങ്ങളും ഇതു മൂലം തടസ്സപ്പെടുന്നു. ഇക്കാര്യത്തിൽ കൃത്യമായ ഇടപെടൽ കൌൺസിലിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതും, ഫണ്ടുകൾ യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

## 3-3 വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം - ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധം

2017-18 വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായി രാമനാട്ടുകര നഗരസഭയിൽ ഏതാനും കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നതിനാലും ഉറവയെടുക്കുന്നതുകൊണ്ടും റോഡ് നിർമ്മിക്കുന്ന സ്ഥലം കുത്തനെയുള്ള ഇറക്കവും വെള്ളം കുത്തിയൊലിച്ച് വരുന്നതിനാലുമാണ് റോഡ് കോൺക്രീറ്റ് ചെയ്യാൻ നിർബന്ധിതമായതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, എം.ബി നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ഫണ്ടിനം | ബിൽ നം. | കൺവീനറുടെ പേര് |
|---|---|---|---|---|---|---|
| 1. | 90/18, 6/17-18 | പുള്ളിശ്ശേരി റോഡ് | 2,00,473 | വികസന ഫണ്ട് | 1/26.02.18 | ശ്രീ. ഹഫ്സൽ ഇ.കെ |
| 2. | 169/18, 5/17-18 | തിരുത്തിയാട്-കോവിൽ താഴം റോഡ് | 1,89,639 | വികസന ഫണ്ട് | | ശ്രീ. അനിൽ കുമാർ പി.ടി. |

| | | | | | | |
|---|---|---|---|---|---|---|
| 3. | 168/18, 11/17-18 | കുന്നം പള്ളി റോഡ് | 97,152 | വികസന ഫണ്ട് | | ശ്രീ. വിജിത്ത് കുമാർ ബി.പി |
| 4. | 92/18, 10/17-18 | റേഷൻ ഷോപ്പ് റോഡ് | 3,29,680 | വികസന ഫണ്ട് | | ശ്രീ. മുസ്തഫ കെ.പി |
| 5. | 137/18, 14/17-18 | ഒറുവിങ്ങൽ ചാലിയാർ തീരം റോഡ് | 1,40,364 | തനത് ഫണ്ട് | | ശ്രീ. അബ്ദുൾ നാസർ എൻ. |
| 6. | 96/18, 13/17-18 | മൃഗാശുപത്രി-ചൂരക്കോട്-നീരോല്പ് റോഡ് | 3,71,848 | വികസന ഫണ്ട് | | ശ്രീ. ഹഫ്സൽ ഇ.കെ |
| 7. | 93/18, 15/17-18 | വൈലാശ്ശേരി - കൊയ്ത്തല പാടം റോഡ് | 1,71,873 | തനത് ഫണ്ട് | | ശ്രീ. അനിൽ കുമാർ പ.ടി. |
| 8. | 103/18, 16/17-18 | മണ്ണതൊടി റോഡ് | 52,000 | വികസന ഫണ്ട് | | ശ്രീ. അനിൽ കുമാർ പ.ടി. |
| 9. | 97/18, 72/17-18 | പുലപ്പാറപ്പടി ബൈപ്പാസ് റോഡ് | 2,81,490 | വികസന ഫണ്ട് | | ശ്രീ. മുസ്തഫ കെ.പി |
| ആകെ | | | 18,34,519 | | | |

ഐ.ആർ.സി ഇനം നം. 34-2011 പ്രകാരം വെള്ളക്കെട്ടുള്ളതും ഉറവയുള്ളതുമായ സ്ഥലങ്ങളിലെ റോഡ് നിർമ്മാണത്തിന് കോൺക്രീറ്റ് റോഡ് ഒരു പരിഹാരമല്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജും ഏർപ്പെടുത്തി ടാറിംഗ് റോഡ് നിർമ്മിക്കുകയാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ വിശദീകരിക്കുന്നു. കോൺക്രീറ്റ് റോഡ് പ്രവർത്തികൾ നടത്തുന്നതിനു മുൻപ് ട്രാഫിക്ക് സംബന്ധിച്ചുള്ള സർവ്വെയും മറ്റ് അന്വേഷണങ്ങളും നടത്തേണ്ടതുണ്ട് (IRC: 62-2014). എന്നാൽ അത്തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. ചരിവുള്ള / കുത്തനെയുള്ള പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കുന്ന വിധം IRC: 56-2011 ൽ വ്യക്തമാക്കുന്നു. എന്നാൽ ഇത്തരം പ്രദേശങ്ങളിൽ കോൺക്രീറ്റ് റോഡ് നിർമ്മിക്കണമെന്ന് നിഷ്കർഷിക്കുന്നില്ല. പകരം മണ്ണൊലിപ്പ് മുഖേന റോഡ് തകരാതിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 25/17.09.2018) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച ഭൂപ്രദേശങ്ങളിൽ ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധമായി കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-4 <u>ഡ്രെയിനേജ് - അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തി നിർമ്മിച്ചു</u>

ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. നഗരസഭ തൻവർഷം നടപ്പിലാക്കിയ ഏതാനം റോഡ് പ്രവൃത്തികളുടെ ഭാഗമായി നിർമ്മിച്ച ഓടകളുടെ അടിഭാഗം ഡ്രൈസ്റ്റോൺ പിറ്റ്ച്ചിംഗ് നടത്തുകയും അതിന്മേൽ കോൺക്രീറ്റ് (1:2:4) ചെയ്തിട്ടുമുണ്ട്. വിശദാംശം താഴെ പറയുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ചെലവ് | ഫണ്ടിനം | കരാറുകാരൻ | എം.ബി നം | ഡ്രൈ സ്റ്റോൺ പിറ്റ്ച്ചിംഗ് ചെലവ് | കോൺ ക്രീറ്റ് (1:2:4) ചെലവ് |
|---|---|---|---|---|---|---|---|
| 1. | 46/18, മാരാത്ത് താഴം റോഡ് | 5,05,274 | വികസന ഫണ്ട് | മെ. എസ്.കെ കൺസ്ട്രക്ഷൻസ് | 71/16-17 | 28,424 | 3,850 |
| 2. | 48/18, പാറമ്മൽ റോഡ് മെയിന്റ നൻസ് | 4,05,847 | തനത് ഫണ്ട് | ശ്രീ. കെ.എം സുബ്രഹ്മണ്യൻ | 57/16-17 | 28,472 | 17,467 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | 43/18, കൃഷിഭവൻ റോഡ് റീ ടാറിംഗ് | 5,83,839 | MG(NR) | ശ്രീ. കെ.എം സുബ്രഹ്മണ്യൻ | 42/16-17 | 56,782 | ഇല്ല |
| ആകെ | | | | | | 1,13,678 | 21,317 |

തീരത്തുകൂടെ ഒഴുകുന്ന വെള്ളത്തിന്റെ ശക്തിയെ പ്രതിരോധിക്കുന്നതിനും ചരിഞ്ഞുകിടക്കുന്ന നദീതീരങ്ങളും മറ്റും മണ്ണൊലിപ്പിൽ നിന്ന് സംരക്ഷിക്കുന്നതിനു വേണ്ടി കല്ലുകൾ പാകുന്ന സംവിധാനമാണ് ഡ്രൈസ്റ്റോൺ പിറ്റ്ച്ചിംഗ്. കൂടാതെ വെള്ളത്തിന്റെ ഒഴുക്ക് 3m/sec ൽ കൂടുതലുള്ളതും കൂടുതൽ ദിവസങ്ങളിൽ വെള്ളപ്പൊക്കം നിലനിൽക്കുന്നതുമായ മേഖലകളിലാണ് ഇത് ഉപയോഗിക്കുന്നതെന്നും IRC: 56-2011 ഖണ്ഡിക 5, 6 എന്നിവയിൽ വ്യക്തമാക്കുന്നു. ജി.ഒ (എം.എസ്) നം.79/2017/തസ്വഭവ തീയതി 03.04.2017 പദ്ധതി മാർഗ്ഗരേഖയിലെ ആമുഖത്തിലെ ഖണ്ഡിക VIII(3) പ്രകാരം കഴിയുന്നതും ഓടകളുടെ താഴ്ഭാഗം കോൺക്രീറ്റ് ചെയ്യാതിരിക്കുന്നതാണ് നല്ലതെന്നും മഴവെള്ളം ഭൂമിയിൽ പ്രവേശിക്കുന്നതിന് ഇത് സഹായകരമാകുമെന്നും സൂചിപ്പിക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/01.10.2018) ലഭ്യമാക്കിയ മറുപടിയിൽ വെള്ളക്കെട്ടുള്ളതും ചതുപ്പ് പ്രദേശമായതിനാലുമാണ് ഡ്രൈസ്റ്റോൺ പിച്ചിംഗും കോൺക്രീറ്റും ചെയ്യേണ്ടി വന്നതെന്ന് സൂചിപ്പിക്കുന്നു. മേൽ പട്ടികയിലെ ക്രമനം. 2 ആയി നഗരസഭ ഓഫീസിനു സമീപമുള്ള റോഡിൽ ഉൾപ്പെടുന്ന പ്രദേശം ചതുപ്പ് അല്ലെന്ന് കാണുന്നു. ചതുപ്പും ഉറവയുമുള്ള സ്ഥലങ്ങളിൽ ഡ്രൈയിനേജ് നിർമ്മാണം ഏത് രീതിയിൽ നടത്തണമെന്ന് IRC : 34-2011 ൽ വിശദമാക്കുന്നുണ്ട്. അന്വേഷണക്കുറിപ്പിന് അനുയോജ്യമായ മറുപടിയല്ല ലഭ്യമാക്കിയത്.

ഐ.ആർ.സി സ്പെസിഫിക്കേഷൻ, പദ്ധതി മാർഗ്ഗരേഖ എന്നിവയ്ക്ക് വിരുദ്ധമായി, ഏതാനും ഇനങ്ങൾ ഉൾപ്പെടുത്തി മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം അധിക ചെലവ് വരുത്തിയതിന് മറുപടി നൽകേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-5 വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ – മരാമത്ത് പ്രവൃത്തികൾ ഉപേക്ഷിക്കുകയോ സ്പിൽ ഓവറാക്കുകയോ ചെയ്യു

രാമനാട്ടുകര നഗരസഭയുടെ അധീനതയിലുള്ള ഏതാനും റോഡുകളുടെ നിർമ്മാണ, പുനരുദ്ധാരണ പ്രവർത്തനത്തിന് വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തിയ ചീക്കോട് കുടിവെള്ള പദ്ധതി തടസ്സമായതിനെ സംബന്ധിച്ച് ഭരണസമിതി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ വിവിധ തീയതികളിൽ എടുത്ത തീരുമാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു. ഇതുമായി ബന്ധപ്പെട്ട യാതൊരു ഫയലും നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

| ക്രമ നം. | തീരുമാനം നം, തീയതി | തീരുമാനം എടുത്ത ഘടകങ്ങൾ | തീരുമാനം |
|---|---|---|---|
| 1. | 09/12.06.2017 | നഗരസഭ കൗൺസിൽ | ചീക്കോട് കുടിവെള്ള പദ്ധതിക്കായി നഗരസഭാ പ്രദേശത്ത് നഗരസഭയുടെ അധീനതയിലുള്ള റോഡുകൾ കീറി പൈപ്പ് ലൈൻ ഇടുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകി. |
| 2. | 01/20.12.2017 | നഗരസഭ കൗൺസിൽ | ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള റോഡ് കട്ടിംഗും മറ്റ് പ്രശ്നങ്ങളും കാരണം ടെണ്ടറുകൾ കരാറുകാർ ഏറ്റെടുക്കാത്ത സ്ഥിതിയുണ്ടായി. |
| 3. | 01/24.01.2018 | നഗരസഭ കൗൺസിൽ | റോഡ് കട്ടിംഗ് പ്രവൃത്തി നടക്കുന്നതിനാൽ വാർഷിക പദ്ധതിയിൽ നിന്ന് 11 പദ്ധതികൾ ഒഴിവാക്കി. റിഫോർമേഷൻ ചാർജ്ജ് അധികമായി വേണ്ടിവരുമെന്നും തൻവർഷം പ്രവൃത്തി ചെയ്ത് തീർക്കാൻ സമയം തികയാതെ |

| | | | |
|---|---|---|---|
| | | | വരുമെന്നും അഭിപ്രായപ്പെട്ടു. റിഫോർമേഷൻ ചാർജ്ജ് കൂടി ഉൾപ്പെടുത്തി ഒഴിവാക്കിയ പദ്ധതികൾ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. |
| 4. | 01/07.03.2018 | നഗരസഭ കൗൺസിൽ | ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള റോഡ് കട്ടിംഗ് കാരണം ചില പ്രവൃത്തികൾ സ്പിൽ ഓവർ ചെയ്യേണ്ടി വരുമെന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. ചീക്കോട് പദ്ധതി കാരണം പ്രവൃത്തി വൈകാനിടയായ സാഹചര്യ ത്തിൽ എല്ലാവരുടെയും സഹകരണം ചെയർമാൻ ആവശ്യപ്പെട്ടു. |
| 5. | 07/07.10.2017 | പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി | ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ചെയ്യുന്ന പ്രവൃത്തി, റോഡ് പണി നടക്കുന്ന വാർഡുകളിൽ |

| | | | |
|---|---|---|---|
| | | | ആദ്യം ചെയ്യാൻ തീരുമാനിച്ചു. |
| 6. | തീയതി രേഖപ്പെടുത്തിയില്ല (27.2.17 ന തൊ ട്ടു മുൻപ് നടന്ന ത്) | പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് | ചീക്കോട് പദ്ധതിയുമായി ബന്ധപ്പെട്ട് റോഡിൽ മറ്റ് ജോലികൾ നടക്കുന്നതിനു മുൻപ് തന്നെ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണെന്ന് തീരുമാനിച്ചു. |
| 7. | 12.03.2018 | പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് | 2017-18 വർഷത്തിൽ പൈപ്പ് ലൈൻ പ്രവൃത്തി കാരണം പൂർത്തീകരിക്കാത്ത റോഡുകൾക്ക് അധിക തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ ഡിവിഷനുകളിലും തുക ആനുപാതികമായി വകയിരുത്തണം എന്നും തീരുമാനിച്ചു. |

ഭരണസമിതി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നീ കമ്മിറ്റികളുടെ മേൽ പറഞ്ഞ തീരുമാനങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കിയതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/17.09.2018 ) നൽകിയ മറുപടി താഴെ പറയുന്നു.

നഗരസഭ കൗൺസിലിന്റെ 12.06.2017 ലെ 9ാം നമ്പർ തീരുമാന പ്രകാരം ചീക്കോട് കുടിവെള്ള പദ്ധതിക്കായി നഗരസഭയുടെ അധീനതയിലുള്ള റോഡുകൾ കീറി പൈപ്പ് ലൈൻ ഇടുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകി. 26.11.2017 ന് നഗരസഭയിൽ ഉൽഘാടനം ചെയ്ത പദ്ധതി 10.09.2018 ന് പൂർത്തിയാക്കാനാണ്

ലക്ഷ്യമിട്ടത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി അധികാരികളും നഗരസഭ പ്രതിനിധികളും ഉൾപ്പെട്ട യോഗം ബഹു. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 16.01.2017 ന് ചേർന്നതായി അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയും നഗരസഭയും തമ്മിൽ കരാറിൽ ഏർപ്പെട്ടില്ല. ആയതുകൊണ്ടു തന്നെ വാട്ടർ അതോറിറ്റി, പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് നഗരസഭയ്ക്ക് കൃത്യമായി പറയാൻ കഴിയുന്നില്ല.

ചീക്കോട് കുടിവെള്ള പദ്ധതിയും നഗരസഭയുടെ മരാമത്ത് പ്രവൃത്തിയും ഏകോപനത്തോടെ നടത്തുന്നത് സംബന്ധിച്ച കൃത്യമായ ആസൂത്രണമില്ലാത്തത് കാരണം തൻവർഷം 15,69,000 രൂപ അടങ്കലിലുള്ള 11 റോഡ് നിർമ്മാണ/ പുനരുദ്ധാരണ പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട്. കൂടാതെ 66,46,630 രൂപ അടങ്കലിലുള്ള 18 പദ്ധതികൾ 2018-19 വർഷത്തേക്ക് സ്പിൽഓവറാക്കുകയും ചെയ്തു. കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്ന 4 റോഡുകളിൽ മാത്രമാണ് തൻവർഷം പ്രവൃത്തി നടത്തിയത്. അതായത് പൈപ്പ് ലൈൻ കടന്നുപോകുന്ന, തൻ വർഷം പ്രവൃത്തി ചെയ്യാനുദ്ദേശിച്ച 33 റോഡുകളിൽ 4 എണ്ണത്തിൽ മാത്രമാണ് പ്രവൃത്തി നടത്തിയത്. ആയതിനുള്ള റിഫോർമേഷൻ ചാർജ്ജും ലഭിച്ചില്ല.

ചീക്കോട് പദ്ധതിയുമായി ബന്ധപ്പെട്ട് റോഡിൽ മറ്റ് ജോലികൾ നടക്കുന്നതിനു മുൻപ് തന്നെ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണെന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശം പാലിച്ചിരുന്നെങ്കിൽ അംഗീകരിച്ച പദ്ധതികൾ ഉപേക്ഷിക്കേണ്ടി വരികയോ സ്പിൽഓവറാക്കുകയോ ചെയ്യേണ്ടി വരില്ലായിരുന്നു. 16.01.2017 ന് നടന്ന യോഗത്തിൽ ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കരാർ മുഖേന ഒരു ധാരണയുണ്ടാക്കിയിരുന്നെങ്കിൽ, ആയതിനനുസരിച്ച് മരാമത്ത് പ്രോജക്റ്റുകൾ ആവിഷ്കരിക്കാമായിരുന്നു.

മേൽ സാഹചര്യത്തിൽ, സ്പിൽഓവറാക്കിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിനും റിഫോർമേഷൻ ചാർജ്ജ് യഥാസമയം ലഭ്യമാക്കുന്നതിനെ സംബന്ധിച്ചും വാട്ടർ അതോറിറ്റിയുമായി ഒരു ധാരണ/ കരാറിലേർപ്പെടേണ്ടതാണ്. വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 മേലധികാരികൾ വേണ്ടത്ര പരിശോധന നടത്താതെ ബില്ലുകൾ അനുവദിക്കുന്നു.

നഗരസഭയിലെ ജീവനക്കാരുടെ പേ റിവിഷൻ കുടിശ്ശിക, ടി.എ. ബിൽ എന്നിവ വേണ്ടത്ര പരിശോധന നടത്താതെ, ജീവനക്കാർക്ക് തുക അനുവദിക്കുന്നുണ്ട്. ശ്രീ. എം.എം. ഗോപാലൻ, ഹെൽത്ത് ഇൻസ്പെക്ടർ തിരുവനന്തപുരം യാത്രയ്ക്ക് സമർപ്പിച്ച ബിൽ കാണുക. പ്രസ്തുത ബില്ലിൽ ശ്രീ. ഗോപാലന്റെ അടിസ്ഥാന ശമ്പളം 48000/-

രൂപയാണെന്ന് രേഖപ്പെടുത്തുന്നുണ്ട്. 48000 രൂപ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരൻ ടി.എ. ക്ലാസിഫിക്കേഷൻ പ്രകാരം ഗ്രേഡ് II B യിലാണ് ഉൾപ്പെടുന്നത്. അദ്ദേഹത്തിന് അനുവദിക്കാവുന്ന മൈലേജ് അലവൻസ് കിലോമീറ്ററിന് 0.50 രൂപയാണ്. അദ്ദേഹം 24.11.2017, 21.12.2017, 23.01.2017 എന്നീ തീയതികളിൽ നടത്തിയ തിരുവനന്തപുരം യാത്രയിൽ മൈലേജ് അലവൻസ് കിലോമീറ്ററിന് 0.6 രൂപ നിരക്കിലാണ്. അത് അനുവദനീയമായത് ക്ലാസ് II A ജീവനക്കാർക്കാണ്.

പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീമതി. കെ. ഷൈമയുടെ ശമ്പള കുടിശ്ശിക ബിൽ കാണുക. 2014ലെ ശമ്പള വർദ്ധനവ് അനുവദിച്ചതിന് ശേഷം അവർക്ക് ക്ഷാമ ബത്ത, വർദ്ധനവിന് മുമ്പുള്ളത് തന്നെ അനുവദിച്ചതായി കാണുന്നു. ഡ്യൂ/ഡ്രോൺ സ്റ്റേറ്റ്മെന്റ് എക്സൽ ഫോർമാറ്റിൽ തയ്യാറാക്കിയപ്പോൾ ഡി.എ. മുൻപത്തേത് അനുവദിച്ചതാണ് അപാകതക്ക് നിദാനം.

മേൽ വിവരിച്ച രണ്ട് വൗച്ചറുകളും (വൗച്ചർ നമ്പർ 21700409/31.10.2017, 21700455/29.11.2017) ജീവനക്കാർ തയ്യാറാക്കി സമർപ്പിച്ചതല്ലാതെ മേലധികാരികൾ പരിശോധിച്ചിട്ടില്ല. പേ റിവിഷൻ വൗച്ചറിൽ സെക്രട്ടറി പരിശോധിക്കാൻ നിർദ്ദേശിച്ചതല്ലാതെ പുനപരിശോധന നടത്തിയതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-7 വാർഡ് സഭ തെരെഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 45(സി) പ്രകാരം വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടത് വാർഡ് സഭ/ കമ്മിറ്റികളുടെ ചുമതലയാണ്. പിന്നീട് 02.10.97, 02.09.98 എന്നീ തിയ്യതികളിൽ വന്ന സർക്കാർ ഉത്തരവുകൾ നമ്പർ 220/97/ത.സ്വ.ഭ.വ., , നമ്പർ 181/98/ത.സ്വ.ഭ.വ. എന്നിവയിലും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് ഏതു വിധേന സുതാര്യമായി നടത്തണം എന്നതിനെ പറ്റി പ്രതിപാദിക്കുന്നു. എന്നാൽ 2017-18 വർഷത്തിൽ ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ, ഹെഡ്മാസ്റ്റർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ താഴെ ചേർക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ വാർഡുസഭ വഴി കണ്ടെത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണം | പ്രോജക്റ്റ് വിവരം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1. | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്. | പ്രോ.നം.189/17, എസ്. സി | 2,00,000/- വികസനഫണ്ട് എസ്.സി.പി. | 2,00,000/- ബിൽ നമ്പർ |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | | 1/17-18 / 31/03/2018 |
| 2. | ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ | പ്രോ.നം.8/17, പാലിന് ഇൻസെന്റീവ് | 4,50,000/- വികസനഫണ്ട് ജനറൽ | 4,50,000/- ബിൽ നമ്പർ 1/1718/ 10.01.2018, തുക - 3,15,501/- ബിൽ നമ്പർ 2/17-18/ 6.2.2018, തുക-1,34,499/- |
| | | പ്രോ.നം.7/17 സാറ്റലൈറ്റ് ഡയറി ഫാം | 2,50,000/- വികസനഫണ്ട് ജനറൽ | 2,50,000/- ബിൽ നം.3/17-18/ 28.03.2018 |

ഈ പദ്ധതികൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് (സെക്രട്ടറി സാക്ഷ്യപ്പെടുത്തി) മുനിസിപ്പാലിറ്റിയിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച പദ്ധതികൾക്കായി ഗുണഭോക്താക്കളെ വാർഡ് സഭ വഴി കണ്ടെത്തിയതായി ബന്ധപ്പെട്ട മിനുട്സ് പുസ്തകങ്ങളിൽ കാണുന്നില്ല. ഈ ഗുണഭോക്താക്കളെ കൗൺസിൽ അംഗീകരിച്ചതിന്റേയും വിശദാംശം ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. വാർഡുസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാകയാൽ ഈ പദ്ധതികൾക്കായി ചെലവാക്കിയ തുക തടസ്സപ്പെടുത്തുന്നു.

## 3-8 സാറ്റലൈറ്റ് ഡയറി ഫാം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2017-18 വർഷത്തിൽ കോഴിക്കോട് ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട്നം – 7/17

അടങ്കൽ – 2,50,000/-വികസനഫണ്ട് ജനറൽ

ചെലവ് – 2,50,000/- ബിൽ നം.3/17-18/28.03.2018

മേൽ പദ്ധതിയിൽ നഗരസഭാ പരിധിയിലുള്ള രണ്ടു ക്ഷീരോല്പാദക സംഘങ്ങൾക്ക് കീഴിലുള്ള ഓരോ ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്)കൾക്ക് അഞ്ചു വീതം പശുക്കൾ വാങ്ങുന്നതിന് 1,25,000 രൂപ വീതം ബാക്ക് എൻഡ് സബ്സിഡിയും നൽകിയിട്ടുണ്ട്. ഓരോ ജെ.എൽ.ജി.ഗ്രൂപ്പിലും അഞ്ചു വീതം വനിതകളാണുള്ളത്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- ഈ പദ്ധതിയിൽ രണ്ടു ഗ്രൂപ്പുകൾക്ക് അഞ്ചു വീതം പശുക്കളെ വാങ്ങുന്നതിന് വായ്പാബന്ധിത സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. തുക ബന്ധപ്പെട്ട ക്ഷീരസംഘങ്ങൾക്ക് കൈമാറി അവിടെ നിന്ന് ബാങ്കിലേയ്ക്ക് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വാങ്ങിയ പശുക്കളെ സംഘാംഗങ്ങൾ ഓരോരുത്തരുടേയും വീടുകളിലാണ് വളർത്തുന്നതെന്ന് നിർവ്വഹണോദ്യാഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പാൽ സംഘങ്ങളിൽ അളക്കുന്നതും സ്വന്തമായ നിലയ്ക്കാണ്. ഗ്രൂപ്പുകളുടെ ബൈലോ പ്രകാരമുള്ള യോഗങ്ങൾ ഇടയ്ക്ക് ചേരുന്നുണ്ടെങ്കിലും, ഇതിൽ ഓരോരുത്തർ അളന്ന പാലിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഒരു ഗ്രൂപ്പെന്ന നിലയിൽ ഇവരുടെ വരവു ചെലവു കണക്കുകൾ അവതരിപ്പിക്കുന്നില്ല. വായ്പയുടെ തിരിച്ചടവ് സംഘം വഴിയാണ് നടത്തുന്നത്. (ഗ്രൂപ്പങ്ങളുടെ പാലളവ് തുകയിൽ നിശ്ചിത തുക പിടിച്ച് വച്ച് ഇതു ബാങ്കിലേയ്ക്ക് അടയ്ക്കുന്നു)ഗ്രൂപ്പ് അടിസ്ഥാനത്തിൽ നൽകിയ ആനുകൂല്യം ഇത്തരത്തിൽ വ്യക്തിഗതമായി നടത്തുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വ്യക്തിപരമായി വളർത്തുന്ന പശുക്കൾക്ക് ഏതെങ്കിലും വിപത്തു/രോഗം മൂലമോ മറ്റോ നാശനഷ്ടങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഇത് മറ്റ് ഗ്രൂപ്പംഗങ്ങളിൽ നിന്ന് എങ്ങിനെ വസൂലാക്കാൻ കഴിയും എന്നതു സംബന്ധിച്ച് വ്യക്തതയില്ല. ഇത് ഭാവിയിൽ പല തർക്കങ്ങൾക്കും കാരണമായേക്കാം.
- സബ്സിഡി കൈപ്പറ്റിയ ഗ്രൂപ്പുകളുടെ ബാങ്ക് ലോൺ പാസ് ബുക്കുകൾ പരിശോധിച്ചതിൽ ബാങ്ക് ലോൺ എടുത്തിരിക്കുന്നത് 21.05.2018 നാണ്. എന്നാൽ സബ്സിഡി തുക 28.03.2018 ന് പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. ലോൺ

ലഭ്യമാക്കുന്നതിനു മുമ്പേ സബ്സിഡി തുക ട്രഷറിയിൽ നിന്ന് പിൻവലിച്ചത് തെറ്റായ നടപടിയാണ്.

- മൃഗസംരക്ഷണം/ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് മുഖേന വിഭാവനം ചെയ്ത ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിപ്പിന്റെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-9 സമഗ്ര മാലിന്യ സംസ്കരണ പദ്ധതി- സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡി തുക വഹിച്ചു

നിർവ്വഹണം - ഹെൽത്ത് ഓഫീസർ

പ്രോജക്ട് നം. - 131/18

അടങ്കൽ - 8,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് -7,18,562

തനതുഫണ്ട് - 1,438

ഗുണ.വിഹിതം - 80,000

2016-17 വർഷത്തിൽ വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത ഈ പ്രോജക്ട് സാങ്കേതിക കാരണങ്ങൾ കാണിച്ചാണ് സ്പിൽ ഓവർ പ്രോജക്ടാക്കിയത്. ഈ പദ്ധതിയ്ക്കുള്ള സാങ്കേതികാനുമതി 30.03.2017 ന് ഡി.എസ്.എം./കെ.കെ.ഡി./ ടി.എസ്.14 /1/ കെ.കെ.ഡി. നമ്പർ കത്തിലൂടെ കോഴിക്കോട് ജില്ല ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ നൽകിയിട്ടുണ്ട്. ഇതു പ്രകാരം സബ്സിഡി നിരക്ക് താഴെ ചേർക്കും പ്രകാരമാണ്.

| റിംഗ് കമ്പോസ്റ്റിന്റെ എണ്ണം | അംഗീകരിച്ച യൂണിറ്റ് നിരക്ക് | അടങ്കൽ തുക | സബ്സിഡി | | ഗുണ.വിഹിതം |
|---|---|---|---|---|---|
| | | | ശുചിത്വമിഷൻ വിഹിതം | ത.സ്വ.ഭ.വ. വിഹിതം | |
| 320 | 2500/- | 8,00,000 | 6,00,000 | 1,20,000 | 80,000 |

2017-18 വർഷം പദ്ധതി നടപ്പാക്കിയ സോഷ്യോ എകണോമിക് യൂണിറ്റ് ഫൗണ്ടേഷന് ആകെ അടങ്കൽ തുകയുടെ 20% തുകയായ 1,60,000/- രൂപ ബിൽ നമ്പർ 1/17-18/ തിയ്യതി 26.11.2017 മുഖേന നൽകിയിട്ടുണ്ട്. തുടർന്ന് റിംഗ് കമ്പോസ്റ്റുകൾ

സ്ഥാപിച്ചതിനനുസരിച്ച് ഈ ഏജൻസിക്ക് 81,438/- രൂപ തൻവർഷവും (ചെക്ക്.നം.0054055/31.03.2018), 2,27,246/- രൂപ 2018-19 വർഷത്തിലും നൽകി. (2017-18 വർഷത്തിൽ നൽകേണ്ടതായിരുന്നെങ്കിലും ഫണ്ട് പരിമിതി മൂലം നൽകാൻ കഴിഞ്ഞില്ല. തുടർന്ന് 2018-19 വർഷത്തിൽ ബിൽ നമ്പർ 1/2017-18/ 25.5.2018 പ്രകാരമാണ് നൽകിയത്.) ഓഡിറ്റ് സമയം മുഴുവൻ ഗുണഭോക്താക്കളും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ച് കഴിഞ്ഞു. സ്ഥാപനത്തിന് ബാക്കി നൽകാനുള്ള 3,31,316/- രൂപ നൽകാനുള്ള നടപടി ഓഡിറ്റ് സമയം നടന്നു വരുന്നു.

സർക്കാർ ഉത്തരവ് (എം.എസ്.)4/2016/ത.സ്വ.ഭ.വ.,തിയ്യതി: 11.01.2016ലെ ഖണ്ഡിക 3.8.1 പ്രകാരം വീടുകൾക്കുള്ള വിവിധതരം കമ്പോസ്റ്റ് യൂണിറ്റുകൾക്കുള്ള 90% സബ്സിഡിയിൽ 75% സർക്കാരും, 15% തദ്ദേശ സ്ഥാപനങ്ങളുമാണ് വഹിക്കേണ്ടത്. ശുചിത്വമിഷൻ നൽകിയ സാങ്കേതിക അനുമതിയിലും പ്രോജക്ട് അടങ്കലിന്റെ 75% ശതമാനം തുക 6,00,000/- രൂപ ശുചിത്വമിഷന്റെ വിഹിതമാണെന്ന് വിവരിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിനു വിരുദ്ധമായി ആകെ അടങ്കലിന്റെ 90% തുകയും നഗരസഭ വഹിക്കുകയാണ് ചെയ്തത്. നാളിതുവരെയുള്ള പ്രോജക്ട് നിർവ്വഹണ ഘട്ടത്തിൽ ഒരിടത്തും ഈ തുക ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. 75% ഫണ്ട് ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി. പദ്ധതി രൂപീകരണത്തിന്റെ പ്രാഥമിക ഘടകമായ വർക്കിംഗ് ഗ്രൂപ്പ് മുതൽ അന്തിമ പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന ഭരണസമിതിവരെ ഒരു ഘടകത്തിലും മേൽ വിവരിച്ച രീതിയിൽ ലഭ്യമാക്കാവുന്ന ഫണ്ടിനെ സംബന്ധിച്ച സാധ്യതകളോ, സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കുന്നത് എന്നതു സംബന്ധിച്ചോ ചർച്ച നടന്നിട്ടില്ല. ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കാത്ത പക്ഷം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 60% തുക നിർവ്വഹണഉദ്യോഗസ്ഥന്റേയും, സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായ പദ്ധതിയ്ക്ക് അംഗീകാരം നൽകിയ കൌൺസിൽ അംഗങ്ങളുടേയും ബാധ്യതയാകുന്നതാണ്.

## 3-10 <u>ജീവനക്കാരുടെ ശമ്പള വർദ്ധന കുടിശ്ശിക തുക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല</u>

ഗ്രാമപഞ്ചായത്ത് നഗരസഭയായി പരിവർത്തനം ചെയ്തപ്പോൾ, പ്രസ്തുത കാലത്ത് നഗരസഭയിൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാരായിരുന്നു ഉണ്ടായിരുന്നത്. ജി.ഒ.(പി.) 7/2016/ധന. തീയതി 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ടിൽ ലയിപ്പിച്ചിട്ടുണ്ട്. രണ്ടാം ഗഡു കുടിശ്ശിക തുകയാണ് പ്രോവിഡണ്ട് ഫണ്ടിൽ ലയിപ്പിച്ചത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | | 271676 |
| 2 | | 79410 |
| ആകെ | | 351086 |

മേൽ ഉത്തരവ് ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പള വർദ്ധനവിന് ആനുപാതികമായി അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഗഡു അടവാക്കിയ ജീവനക്കാരുടെ വിശദാംശവും അവരുടെ അടിസ്ഥാന ശമ്പളവും അടവാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷനും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്/അടിസ്ഥാന ശമ്പളം | അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസം | പെൻഷൻ കോൺട്രിബ്യൂഷൻ | ആകെ |
|---|---|---|---|---|
| 1 | ശൈലേന്ദ്രൻ. എൻ. ജൂനിയർ സൂപ്രണ്ട് 01.07.2014-39500 01.07.2015-40500 | 01.07.2014 മുതൽ 30.06.2015 വരെ 39500-19740 | $\frac{19760 \times 12 \times 15}{100}$ = 355568 | 59880 |
| | | 01.07.2015 മുതൽ 31.01.2016 വരെ 40500-202470 = 20260 | $\frac{20260 \times 8 \times 15}{100}$ = 20260 | |
| 2 | ഗിരീഷ് കുമാർ. ടി. അക്കൗണ്ടന്റ് 01.07.2014 – 31500 01.07.2015 - 32300 | 01.07.2014 മുതൽ 30.06.2015 വരെ 31500-15790 = 15720 | $\frac{15720 \times 12 \times 15}{100}$ = 28296 | 47640 |
| | | 01.07.2015 മുതൽ 31.01.2016 വരെ | $\frac{16120 \times 8 \times 15}{}$ | |

| | | | | |
|---|---|---|---|---|
| | | 32300-16180 = 16120 | 100<br>= 19344 | |
| 3 | രേണുക കെ. വർമ്മ<br>സീനിയർ ക്ലാർക്ക്<br>01.07.2014 – 29200<br>01.10.2014 – 29900<br>01.10.2015 - 30700 | 01.07.2014 മുതൽ 30.09.2015 വരെ<br>29200-14620 = 14680 | 14680 x 3 x15<br>100<br>= 6606 | 42654 |
| | | 01.10.2014 മുതൽ 30.05.2015 വരെ<br>29900-14980 = 14920 | 14920 x 13 x15<br>100<br>= 26856 | |
| | | 01.10.2015 മുതൽ 31.01.2016 വരെ<br>20700-15380 = 15320 | 15320 x 4 x15<br>100<br>= 9192 | |
| 4 | ലൂക്ക്മാൻ. പി.<br>അസിസ്റ്റന്റ് സെക്രട്ടറി<br>01.08.2014 – 42500<br>01.10.2014 - 43600 | 01.08.2014 മുതൽ 30.09.2014 വരെ<br>42500-20740 = 21760 | 21760 x 2 x15<br>100<br>= 6528 | 40068 |
| | | 01.10.2014 മുതൽ 31.08.2015 വരെ<br>43600-21240 = 22360 | 2236 x 10 x15<br>100<br>= 32540 | |

| | | | | |
|---|---|---|---|---|
| | | | | |
| 5 | ശ്രീകാന്ത് വി.<br>സീനിയർ ക്ലർക്ക്<br>01.06.2014 – 26500<br>01.11.2014 – 27150<br>01.11.2015 - 27800 | 01.07.2014 മുതൽ 31.10.2014 വരെ<br>26500-13210 = 13290 | 13290 x 4 x15 / 100<br>= 7974 | 38727 |
| | | 01.11.2014 മുതൽ 31.10.2015 വരെ<br>27150-13540 = 13610 | 13610 x 12 x15 / 100<br>= 24498 | |
| | | 01.11.2015 മുതൽ 31.01.2016 വരെ<br>27800-13900 = 13900 | 13900 x 3 x15 / 100<br>= 6255 | |
| 6 | നൈഫ റസാക്ക്<br>സീനിയർ ക്ലർക്ക്<br>01.07.2014-20550<br>01.03.2015-21100<br>01.08.2015-25200 | 01.07.2014മുതൽ 328.02.2018 വരെ<br>20550-10210 = 10340 | 10340x 8 x15 / 100<br>= 12408 | 31164 |
| | | 01.03.2015 മുതൽ 31.07.2015 വരെ<br>21100-10480 = 10620 | 10620 x 5 x15 / 100<br>= 7965 | |

| | | | | |
|---|---|---|---|---|
| | | 01.01.2015 മുതൽ 31.01.2016 വരെ<br>25200-13210 = 11990 | 11990 x 6 x15 / 100<br>= 10791 | |
| 7 | ലത. കെ.പി.<br>ക്ലർക്ക്<br>01.07.2014-22800<br>01.07.2015-23400 | 01.07.2014 മുതൽ 30.06.2015 വരെ<br>22800-11320 = 11480 | 11480 x 12 x15 / 100<br>= 20684 | 33033 |
| | | 01.07.2015 മുതൽ 31.01.2016 വരെ<br>23400-11620 = 11780 | 11780 x 7x15 / 100<br>= 12369 | |
| 8 | ജാഫർ അലി മുതുവാട്ടിൽ<br>01.12.2014-18000<br>01.11.2015-18500<br>01.04.2013 ന് ശേഷം സേവനത്തിൽ | 01.12.2014 മുതൽ 31.10.2015 വരെ<br>18000-9190 = 8810 | 8810 x 11 x 15 / 100<br>= 9681 | 12399 |
| | | 01.11.2015 മുതൽ 31.01.2016 വരെ<br>18500-9440 = 9060 | 9060 x 3 x15 / 100<br>= 2718 | |
| 9 | ലിനീഷ്. എം.<br>ക്ലർക്ക് | 01.10.2015 മുതൽ 30.11.2015 വരെ<br>19000-9940 = | 6090 x 2 x15 / 100 | 1812 |

| | | | | |
|---|---|---|---|---|
| | 01.10.2015-19000 | 9060 | = 1812 | |
| 10 | ശിവകുമാർ. പി.<br>ഓഫീസ് അസിസ്റ്റന്റ്<br>01.07.2014-30700<br>01.08.2014-33100<br>01.08.2015-33900 | 01.07.2014<br>30700-14620 = 16080 | 16080 x15 / 100<br>= 2412 | 50616 |
| | | 01.08.2014 മുതൽ 31.07.2015 വരെ<br>53100-15380 = 17720 | 17720 x 12 x15 / 100<br>= 31896 | |
| | | 01.08.2016 മുതൽ 31.01.2016 വരെ<br>33900-15780 = 18120 | 18120 x 6 x15 / 100<br>= 16308 | |
| 11 | തങ്കപ്രസാദ്. വി.<br>ഫുൾ ടൈം സ്വീപ്പർ<br>01.08.2014-9340<br>01.08.2015-9560<br>01.01.2016-11798 | 01.08.2014 മുതൽ 31.07.2015 വരെ<br>9240-4850 = 7790 | 4490 x 12 x15 / 100<br>= 8062 | 12386 |
| | | 01.08.2015 മുതൽ 31.12.2015 വരെ<br>9560-4960 = 4600 | 4660 x 5 x15 / 100<br>= 2450 | |

| | | | | |
|---|---|---|---|---|
| | | 01.01.2016 മുതൽ 31.01.2016 വരെ<br>11798-6102 = 5696 | 5696 x15<br>100<br>= 854 | |
| 12 | പ്രസീന. പി.പി.<br>എഫ്.ടി.എസ്.<br>01.07.2014-10440<br>01.12.2014-10660<br>01.12.2015-10880<br>01.01.2016-12732 | 01.07.2014 മുതൽ 30.11.2014 വരെ<br>10440-5070 = 5370 | 5370 x 5 x15<br>100<br>= 4028 | 15677 |
| | | 01.12.2014 മുതൽ 30.11.2015 വരെ<br>10660-5180 = 5480 | 5480 x 12 x15<br>100<br>= 9864 | |
| | | 01.12.2015<br>10880-5290 = 5590 | 5590 x15<br>100<br>= 839 | |
| | | 01.06.2016<br>12732-6428 = 6304 | 6304 x15<br>100<br>= 946 | |
| 13 | ജയ കെ.<br>സീനിയർ ക്ലർക്ക് | 01.07.2014 മുതൽ 28.02.2015 വരെ | 10340 x 8 x15<br>100 | 32729 |

| | | | | |
|---|---|---|---|---|
| | | 20550-10210 = 10340 | = 12408 | |
| | | 01.07.23.2015<br>20621-10245 = 10384 | 10384 x 15x15 / 100<br>= 12408 | |
| | 01.07.2014-20550<br>01.03.2015-20621<br>01.04.2015-21100<br>01.08.2015-21232<br>01.09.2015-25200 | 01.04.2015 മുതൽ 31.07.2015 വരെ<br>21100-10480 = 10620 | 10384 x15 / 100<br>= 1558 | |
| | | 01.08.2015<br>21232-10568 = 10664 | 10620 x 4 x15 / 100<br>= 6372 | |
| | | 01.09.2015 മുതൽ 31.01.2016 വരെ<br>25200-13210 = 11990 | 10664 x 15 / 100<br>= 1600 | |
| | | | 11990 x 6 x 15 / 100<br>= 10791 | |
| 14 | മനോജ്<br>അസിസ്റ്റന്റ് സെക്രട്ടറി | 01.07.2014 മുതൽ 31.03.2015 വരെ<br>41500-20240 = | 21260 x 9 x15 / 100<br>= 28701 | 61341 |

| | | | | |
|---|---|---|---|---|
| | | 21260 | | |
| | 01.07.2014-41500<br>01.04.2015-42500 | 01.04.2015 മുതൽ 31.01.2016 വരെ<br>42500-20740 = 21760 | 21760 x 10 x15 / 100<br>= 32640 | |
| 15 | വി.പി. അബ്ദുൾ നാസിർ<br>റിട്ട. സെക്രട്ടറി<br>01.07.2014-49200<br>01.10.2014-50400<br>01.10.2015-51600 | 01.07.2014 മുതൽ 30.09.2014 വരെ<br>49200-23480 = 25720 | 25720 x 3 x15 / 100<br>= 11574 | 75186 |
| | | 01.10.2014 മുതൽ 30.09.2015 വരെ<br>50400-24040 = 26360 | 26360 x 12 x15 / 100<br>= 47448 | |
| | | 01.10.2015 മുതൽ 31.01.2016 വരെ<br>51600-24660 = 26940 | 26940 x 4 x15 / 100<br>= 16164 | |
| 16 | ഹസ്സൻ. വി.കെ.<br>റിട്ട. എഫ്.ടി.എസ്.<br>01.07.2014-30700<br>01.11.2014-31500 | 01.07.2014 മുതൽ 31.10.2014 വരെ<br>30700-14980 = 15720 | 15720 x 4 x 15 / 100<br>= 9432 | 41010 |

| | | | | |
|---|---|---|---|---|
| | 01.11.2015-32300 | 01.11.2014 മുതൽ 31.10.2015 വരെ<br>31500-15340 = 16160 | 16160 x 12 x15 / 100<br>= 29088 | |
| | | 01.011.2015<br>32300-15700 = 16600 | 16600 x 15 / 100<br>= 2490 | |
| 17 | ഹമീദ്. ടി.<br>റിട്ട. എഫ്.ടി.എസ്.<br>01.07.2014-20000<br>01.11.2015-21100 | 01.07.2014 മുതൽ 31.10.2014 വരെ<br>20000-9690 = 10310 | 10310 x 4 x15 / 100<br>= 6186 | 30185 |
| | | 01.11.2014 മുതൽ 31.10.2015 വരെ<br>20550-9940 = 10610 | 10610 x 12 x15 / 100<br>= 19098 | |
| | | 01.11.2015 മുതൽ 31.01.2016 വരെ<br>21100-10210 = 10890 | 10890 x 3 x15 / 100<br>= 4901 | |
| 18 | ജ്ജലി. ടി.<br>ക്ലർക്ക്<br>01.04.2013 ന് ശേഷം നിയമനം | 01.09.2015 മുതൽ 30.09.2015 വരെ<br>15200-7952 = 7248 | 7148 x 10 / 100<br>= 725 | 4349 |

| | | | | |
|---|---|---|---|---|
| | 09/2015-15200<br>10/2015-19000 | 01.10.2015 മുതൽ 31.01..2016 വരെ<br>19000-9940 = 9060 | 9060 x 4 x10<br>100<br>= 3624 | |
| 19 | രജ്ജലചന്ദ്ര. ഇ.കെ.<br>01.04.2013 ന് ശേഷം നിയമനം<br>12/2014-17161<br>01.01.2015-19000<br>01.12.2015-19500 | 12/2014<br>17161-8578 = 8183 | 8183 x10<br>100<br>= 818 | 12642 |
| | | 01.11.2015 മുതൽ 30.11.2015 വരെ<br>19000-9540 = 9060 | 9060 x 11 x10<br>100<br>= 9966 | |
| | | 01.12.2015 മുതൽ 31.01.2016 വരെ<br>19500-10210 = 9290 | 9290 x 2 x10<br>100<br>= 1858 | |
| ആകെ | | | | 643498 |

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഇത്രയധികം തുക ഒടുക്കുവാനുണ്ടായിട്ടും 2017-18, 2018-19 വർഷത്തെ ബജറ്റിൽ ഈ തുക വകയിരുത്തിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല. തുക സപ്ലിമെന്ററി ബജറ്റിൽ വകയിരുത്തി അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക ഒടുക്കാമെന്ന് നഗരസഭ വ്യക്തമാക്കിയിട്ടുണ്ട്. തുക ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 3-11 റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് വിനിയോഗിക്കാതെ അവശേഷിക്കുന്നു.

നാഷണൽ അർബൻ ലൈവ് ലി ഹുഡ് മിഷന്റെ ഭാഗമായി നഗരസഭയിലെ കുടുംബശ്രീയ്ക്ക് 32 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 19 എ.ഡി.എസ്. കൾക്ക് 2017 ഡിസംബർ മാസത്തിൽ തന്നെ 50000/- രൂപ നിരക്കിൽ 950000 രൂപ അനുവദിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ 964040/16.12.2017,) എന്നാൽ 2 എ.ഡി.എസ്. ഒഴികെ മറ്റാരും തന്നെ തുക വിനിയോഗിച്ചതായി കാണുന്നില്ല. എ.ഡി.എസ്. ന്റെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ ഓഡിറ്റ് തീയതി വരെ തുക ബാങ്കിൽ അവശേഷിച്ചിട്ടുണ്ട്. എ.ഡി.എസ്. ന് റിവോൾവിംഗ് ഫണ്ട് ആവശ്യമില്ലെങ്കിൽ തുക തിരികെ ഈടാക്കി എൻ.യു.എൽ.എം. ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

ഇത്തരത്തിൽ ഫണ്ട് അനുവദിക്കുമ്പോൾ പ്രസ്തുത എ.ഡി.എസ്. ന് ഫണ്ട് ആവശ്യമായിരുന്നോ എന്നിവയ്ക്ക് മതിയായ വിശദീകരണം ചെയ്തിട്ടില്ല. ഇക്കാര്യം ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 എസ്. സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- അപാകതകൾ

2017-18 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ തുക :- 220000/-

ചെലവുതുക :- 96115/-(ബിൽ നം 2 തിയതി. 31/03/2018)

പട്ടിക ജാതി വിഭാഗത്തിൽ പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പാക്കിയതാണ് ഇ പദ്ധതി. ഈ വിഭാഗത്തിൽപ്പെട്ട 55 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സബ്സിഡി മാർഗരേഖ ജി ഒ എം എസ് നം 80/2017 ത സ്വ ഭ വ തിയതി 03/04/2017 ലെ 11.8 ൽ 5 പ്രകാരം സൈക്കിൾ വാങ്ങിനൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ്

1) സ്കൂൾ അധികൃധരുടെ സാക്ഷ്യപത്രം,

26 വിദ്യാർത്ഥികൾ സ്കൂൾ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അതിനാൽ തന്നെ ഇത്രയും വിദ്യാർത്ഥികൾ 8,9,10 ക്ലാസുകളിൽ പഠിക്കുന്നവരാണോ എന്ന് ഉറപ്പാക്കാൻ സാധിച്ചില്ല

2) പട്ടിക ജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലയെന്ന സാക്ഷ്യ പത്രം ഉണ്ടായിരിക്കേണ്ടതാണ്. ഇത് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നിർവഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്നും ആവശ്യമായ സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് ഫയലിനോടോപ്പം സൂക്ഷിക്കുമെന്നും പറഞ്ഞിട്ടുണ്ട്. സെക്രട്ടറി ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പട്ടിക ജാതി വിഭാഗത്തിൽ പെട്ട 8, 9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യം എർപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം . എന്നാൽ 31/03/2018 നാണ് സൈക്കിളുകൾ വിതരണം ചെയ്യുന്നത് .10-ാം ക്ലാസിൽ പഠിക്കുന്ന 11 വിദ്യാർത്ഥികൾക്കാണ് സൈക്കിൾ ലഭിച്ചിട്ടുള്ളത്. അവരുടെ പഠനം പൂർത്തിയായതിനു ശേഷമാണ് സൈക്കിളുകൾ ലഭിക്കുന്നത്. ആയതിനാൽ പദ്ധതി ലക്ഷ്യം കാണാതെ പോവുന്നു. പദ്ധതിയുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രീതിയിലായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റികൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 അങ്കണവാടി പൂരക പോഷകാഹാര പരിപാടി- ഗ്യാസ് സബ്സിഡിയായി ലഭിക്കുന്ന തുക തിരികെ അടവാക്കുന്നില്ല

അങ്കണവാടി പൂരക പോഷകാഹാര പരിപാടിയുടെ നടത്തിപ്പിനായി പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് തുക അനുവദിച്ചുവരുന്നുണ്ട്. നഗര സഭയുടെ പരിധിയിൽപ്പെട്ട 31 അങ്കണവാടികളിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുന്ന ഗ്യാസ് സിലിണ്ടറുകൾക്ക് 2015-16 മുതൽ സബ്സിഡി ലഭിച്ചു വരുന്നുണ്ട്. ഈ തുക അങ്കണവാടി വർക്കറുടെയും ഐ സി ഡി എസ് സൂപ്പർവൈസർമാരുടെടെയും പേരിൽ രാമനാട്ടുകര കനറ ബാങ്കിലുള്ള ഫ്ലക്സി ഫണ്ട് എകൗണ്ടുകളിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു

| വർഷം | തുക | ആകെ |
|---|---|---|
| 2015/16 | 8413.71 | 102904.6 |
| 2016/17 | 21355.14 | |
| 2017/18 | 53293.79 | |
| 2018/19 (സപ്തം 18 വരെ) | 19841.96 | |

ഈ തുക അങ്കണവാടികളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുമോയെന്ന് ഐ സി ഡി എസ് സൂപർവൈസർ എക്സിറ്റ് മീറ്റിൽ അന്വേഷണം നടത്തിയിരുന്നു. ഈ തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്ന് തുക അങ്കണവാടികളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുന്നരീതിയിൽ (മാർഗരേഖക്ക് അനുസൃതമായി) വിനിയോഗിക്കുന്നതിനെപ്പറ്റി കൗൺസിലിനു തീരുമാനമെടുക്കാവുന്നതാണ്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം സംയുക്തപ്രോജക്ടുകൾ ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപപ്രവൃത്തികൾ ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 48,16,793 |
| തൻവർഷം നിക്ഷേപിച്ച തുക | 4,28,955<br>(പലിശയിനത്തിലെ വരവ്) |
| ആകെ | 52,45,748 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 52,45,748 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക്, ഫറോക്ക് | 22.02.2018 | ഒരു വർഷം | 6,55,331 |
| 2. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 14,40,898 |
| 3. | രാമനാട്ടുകര റൂറൽ ഹൗസിംഗ് കോ-ഓപ്പ.സൊസൈറ്റി ലിമിറ്റഡ് | -ടി- | ഒരു വർഷം | 5,56,723 |
| 4. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 14,16,198 |
| 5. | കെ.ഡി.സി.ബാങ്ക്, രാമനാട്ടുകര | -ടി- | ഒരു വർഷം | 2,76,115 |
| 6. | ഫറോക്ക് കോ-ഓപ്പ.അർബൻ ബാങ്ക്, ഫറോക്ക് | -ടി- | ഒരു വർഷം | 9,00,483 |
| ആകെ | | | | 52,45,748 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 36 | 2003-04 | പൊതു പരാമർ ശങ്ങൾ 1(24) | മൺപാത്ര നിർമ്മാണത്തിന് ധനസഹായം |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 1(2) | പുതിയ മാതൃകയിലുള്ള ക്യാഷ് ബുക്കും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കാത്തത് |
| 2001-02 | 7 | 2003-04 | മറ്റ് പരാമർശങ്ങൾ | ഉണ്ണിയാലുമ്മൽ മേലേവാരം റോഡ് പരിഷ്കരണം |
| 2002-03 | 3-2 | 2006-07 | 3.87.1 | ചിറക്കാംകുന്ന് കുടിവെള്ള പദ്ധതി-അപാകം |
| | 3-4 | | 3.79.15(7) | കേരളാ വികസന പദ്ധതി അപാകം |

| | | | | |
|---|---|---|---|---|
| | 3-7 | | 3.79.12(3) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം |
| | 3-17 | | 3.79.10(6) | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് |
| | 3-18 | | 3.79.7(3) | സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണി അപാകം |
| | 3-24 | | 3.79.6(13) | റോയൽറ്റി ആർ.എം.എഫ് അടവാക്കിയതിലെ അപാകം |
| 2001-02 | 1(എ,ബി,സി) | 2005-06 | 11(11) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാർഷിക കണക്കുകൾ എസ്റ്റാബ്ലിഷ് മെന്റ് ചെലവ് |
| | 3-16(ബി) | | 4(6) | വീട്ടു നിർമ്മാണം |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാ-രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| വിവരം ലഭ്യമല്ല | | | | | | | | | | | | |

## (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യ | അവശേഷിക്ക | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|

| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | (രസീത് നമ്പർ/ തീയതി) | ടിയില്ലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | മായ തുക | ന്ന തുക/ ബാധ്യത | സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36, 39, 45 | സി.രാധാ-കൃഷ്ണൻ സെക്രട്ടറി (റിട്ട.) | എൽ.എഫ് 4693/സ്പെ. സെൽ/ എസ്. സി4/01 തിയ്യതി. 28.8.02, 6.9.02 | 12789 | - | - | - | - | - | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 170629880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 165842375 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 66288 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1034995 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
| 3-1 | | 66288 | സെക്രട്ടറി |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | 134995 | | എ.ഇ |
| 3-7 | 9,00,000 | 2,00,000 | ഹെഡ്മാസ്റ്റർ |
| | | 7,00,000 | ക്ഷീരവികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സുരേഷ്കുമാർ.എം<br>സെക്രട്ടറി | സെക്രട്ടറി<br>രാമനാട്ടുകര<br>മുനിസിപ്പാലിറ്റി | നെരവിലാട്ട് വീട്<br>തിന്നൂർ,<br>കക്കട്ടിൽ<br>കോഴിക്കോട് –<br>673 507 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും. 01.11.2015 മുതൽ നഗരസഭ റിപ്പോർട്ടും

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(1) തീ. 4.11.13 | 02 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2)1494/09(10) തീ. 4.11.13 | 01 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(2) തീ. 4.11.13 | 04 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(3) തീ. 4.11.13 | 06 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(4) തീ. 4.11.13 | 04 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(5) | 07 |

| | | |
|---|---|---|
| | തീ. 4.11.13 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1451/08 തീ. 6.11.09 | 26 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)1454/10 തീ. 5.4.11 | 44 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി (പി2)1455/10 തീ. 4.3.11 | 56 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി (പി2)206/11 തീ. 3.3.11 | 39 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി (എസ്2)470/ തീ. 2.4.13 | 50 |
| 2010-11 | എൽ.എഫ്.കെകെഡി (പി2)339/ തീ. 14 6.5.14 | 18 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി (പി2)1638/14 തീ. 6.1.15 | 16 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി (പി2)/329/15 തീ. 31.03.2015 | 27 |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/പി2/2023/15. തീ. 28.12.2015 | 27 |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/117/17 തീ.28-1-2017 (ഗ്രാമപഞ്ചായത്ത്) | 9 |
| 2015-16 | കെ.എസ്.എ കെ.കെ.ഡി പി.14/125/16 | 21 |

| | | |
|---|---|---|
| (1-11-15 മുതൽ ) | തീ. 30-1-2017 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി14/1684/2017 | 40 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി.14/2445/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-ddlfakkd@yahoo.in
തീയ്യതി:21.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും രാമനാട്ടുകര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്